യൂണിറ്റി

സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ
ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്)
SUCI [C]
സംസ്ഥാന കമ്മിറ്റി മുഖപത്രം

ഫെബ്രുവരി 2022 | വാല്യം 48 ലക്കം 9 | ചീഫ് എഡിറ്റർ: വി.വേണുഗോപാൽ | പേജ് 8 | വില 5.00 രൂപ




വിനാശകരമായ കെ റെയിൽ പദ്ധതി ഉപേക്ഷിക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിയുടെ നേതൃത്വത്തിൽ നടന്ന സെക്രട്ടേറിയറ്റ് മാർച്ച്

# വിനാശപദ്ധതി കെ റെയിലിനെതിരെ അണപൊട്ടിയൊഴുകുന്ന ജനരോഷം

**അസാധാരണമായ ജനേച്ഛയാൽ നയിക്കപ്പെടുന്ന ഒരു ജനകീയ പ്രക്ഷോഭത്തിന് കേരളം സാക്ഷ്യം വഹിക്കുകയാണ്. കെ റെയിൽ വേണ്ട, കേരളം വേണം എന്ന ആഹ്വാനം സംസ്ഥാനമെമ്പാടും പ്രതിദ്ധ്വനിക്കുന്നു. കാസർകോട് നെല്ലിക്കുന്ന് മുതൽ തിരുവനന്തപുരത്ത് കൊച്ചുവേളിവരെ നൂറുകണക്കിന് സമരസമിതികളിൽ പതിനായിരങ്ങൾ സംഘടിതരായിരിക്കുന്നു. കെ റെയിൽ സിൽവർലൈൻ വിരുദ്ധ ജനകീയ സമിതി എന്ന സമര സംഘടനയിൽ ഒരൊറ്റ മനുഷ്യനെപ്പോലെ അവർ അണിനിരന്നിരിക്കുന്നു.**

അഭിപ്രായഭേദങ്ങൾക്കും ജാതി-മത ചിന്തകൾക്കും അതീതരായി ജനങ്ങൾ ഒരു സൈന്യമായി മാറുകയാണ്. യുവാക്കളും വിദ്യാർത്ഥികളും വൃദ്ധരും സ്ത്രീകളും കുട്ടികളും തൊഴിലാളികളുമായിട്ടുള്ള കെ റെയിൽ വിരുദ്ധ പ്രക്ഷോഭകാരികൾ ഗ്രാമങ്ങളിൽ, തെരുവുകളിൽ,ഗൃഹാങ്കണങ്ങളിൽ സമരം ഒരു ജീവിതശൈലിയായി സ്വീകരിച്ചുകൊണ്ട് പ്രതിഷേധത്തിന്റെ വ്യത്യസ്തമാർഗ്ഗങ്ങൾ ആവിഷ്കരിക്കുന്നു. പദ്ധതിബാധിതമേഖലകളിലെ ഇരകൾ മാത്രമല്ല, കേരളത്തിന്റെ മനഃസാക്ഷി ഒന്നടങ്കം സിൽവർലൈൻ പദ്ധതി പിൻവലിക്കണമെന്നാവശ്യപ്പെടുന്നു. കെ റെയിൽ വിരുദ്ധ പ്രക്ഷോഭത്തിന്റെ നീതിയോടൊപ്പമാണെന്ന് കേരളത്തിന്റെ സാമൂഹ്യ-സാംസ്കാരിക രംഗങ്ങളിലെ വ്യക്തിത്വങ്ങൾ അഭിമാനപൂർവ്വം പ്രഖ്യാപിക്കുന്നു. കെ റെയിലിനുവേണ്ടി ഭരണാധികാരികൾ നടത്തുന്ന അഹന്തയുടെ ജല്പനങ്ങൾ നമ്മുടെ സംസ്ഥാനത്തിന്റെ ആന്തരികചേതനയിൽ മുറിവേൽപ്പിക്കുന്നു. അത് നൂറുകണക്കിന് കവിതകളായും ലേഖനങ്ങളായും കാർട്ടൂണുകളായും പിറവിയെടുക്കുന്നു. ഓരോ ദിനവും പിന്നിടുമ്പോൾ വർദ്ധിക്കുന്ന സാമൂഹ്യപിന്തുണയാൽ കെ റെയിൽ വിരുദ്ധ പ്രക്ഷോഭം കരുത്തോടെ കുതിക്കുകയാണ്. ഐതിഹാസികമായ കർഷക സമരത്തെ അളവറ്റ ഊർജ്ജത്തിന്റെ ഉറവിടമാക്കി മാറ്റിക്കൊണ്ട് കേരളത്തിന്റെ മഹത്തായ ഈ ജനകീയ സമരം കുതിക്കുകയാണ്.

കോവിഡ് വ്യാപനസാധ്യതയുടെ പേരിൽ ആൾക്കൂട്ടങ്ങളും കൂടിച്ചേരലുകളും ഒഴിവാക്കണമെന്ന് ജനങ്ങൾക്ക് ഉത്തരവ് നൽകിയിട്ടുള്ള സർക്കാർതന്നെ സുരക്ഷാമാനദണ്ഡങ്ങളെയാകെ കാറ്റിൽപ്പറത്തി വൻ പോലീസ് പടയുമായിവന്ന് കെ റെയിൽ പദ്ധതിക്കുവേണ്ടി ധിക്കാരപൂർവ്വം കല്ലിടൽ തുടരുകയാണ്. പൊതുപരിപാടികൾക്ക് അടച്ചിട്ട ഹാളുകളിൽ പരമാവധി 50 പേർ എന്ന ഉത്തരവ് ഇറക്കിയിട്ട് കോട്ടയത്തും കണ്ണൂരിലും കൊല്ലത്തും പൗരപ്രമുഖരുമായുള്ള മന്ത്രിമാരുടെ കൂടിക്കാഴ്ച എന്ന പരിഹാസ്യനാടകം നടത്തി. സംഘടിതമായ വിയോജിപ്പ് രേഖപ്പെടുത്താൻ ജനങ്ങൾക്ക് അവകാശവും അവസരവും നിഷേധിക്കപ്പെട്ടിരിക്കുമ്പോൾ, ജനങ്ങളെ വെല്ലുവിളിച്ച് കെ റെയിലിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ തുടരുകയാണ്. ജനാധിപത്യത്തെ സംബന്ധിച്ച് ഇക്കൂട്ടർ ധരിച്ചിട്ടുള്ളത് എന്താണ്?

കെ റെയിൽ സിൽവർലൈൻ എന്ന പദ്ധതിക്കുവേണ്ടി നിരത്തപ്പെട്ട വാദങ്ങളെ തുറന്നുകാട്ടാൻ സാധാരണയുക്തിയുടെ പരിശോധ പോലും വേണ്ടിവന്നില്ല. അത്രമേൽ ദുർബ്ബലവും പരസ്പരവിരുദ്ധവുമായിരുന്നു അവ. പദ്ധതിക്കുവേണ്ടി നിലകൊള്ളുന്നവരെന്ന നിലയിൽ വേഷം കെട്ടിയാടുന്നവരുടെ നില സഹതാപാർഹം തന്നെ. ആരെതിർത്താലും പദ്ധതിയുമായി മുന്നോട്ടുപോകുമെന്ന ധിക്കാരപ്രഖ്യാപനം ആവർത്തിക്കുകയല്ലാതെ, തെക്കുവടക്കുയാത്ര ചെയ്യാൻ നാല് മണിക്കൂറെന്ന പരിഹാസ്യജനകമായ വാദം പരാജിതരുടെ ശരീരഭാഷയിൽ ആവർത്തിക്കുകയല്ലാതെ ശക്തമായ വാദങ്ങളൊന്നും മുന്നോട്ട് വയ്ക്കാനാകുന്നില്ല.

പൗരപ്രമുഖരെ ബോധ്യപ്പെടുത്തുവാൻ നേരിട്ടിറങ്ങിയ മുഖ്യമന്ത്രി വിദേശയാത്രക്കുശേഷം അത് തുടരുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. ഇഷ്ടക്കാരെയും ഏറാന്മൂളികളെയും വിളിച്ചുചേർത്ത്, എഴുതി മുന്നിൽക്കിട്ടിയത് ഏകപക്ഷീയമായി വായിച്ചുതീർക്കുന്നതാണ് സംവാദം. മറുചോദ്യങ്ങൾക്ക് പരിജ്ഞാനമുള്ളവരൊന്നും പൗരമുഖ്യന്മാരുടെ സദസ്സുകളിൽ ഉണ്ടാകില്ല എന്നത് ഉറപ്പാക്കപ്പെട്ടിരുന്നു. ഈ യോഗങ്ങളിൽ പങ്കെടുക്കാനെത്തിയ സമര സമിതിയുടെ പ്രതിനിധികളെ കഴുത്തിനുപിടിച്ച് പുറത്താക്കി. കണ്ണൂരിലായിരുന്നു ജനാധിപത്യം പൂത്തുലഞ്ഞത്. ഈ യോഗങ്ങളിൽ മുഖ്യമന്ത്രിയും മന്ത്രിമാരും പറഞ്ഞത് പലതും കള്ളമാണ്. പലതും പറ

(ശേഷം 2-ാം പേജിൽ)



വിനാശകരമായ കെ റെയിൽ പദ്ധതി ഉപേക്ഷിക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) പാർട്ടിയുടെ നേതൃത്വത്തിൽ നടന്ന സെക്രട്ടേറിയറ്റ് മാർച്ച് കെ റെയിൽ സിൽവർലൈൻ വിരുദ്ധ ജനകീയ സമിതി സംസ്ഥാന ചെയർമാൻ എം.പി.ബാബുരാജ് ഉദ്ഘാടനം ചെയ്യുന്നു

# സാധാരണജനങ്ങൾ ആശ്രയിക്കുന്ന റോഡ്, റയിൽ ഗതാഗതം ചെലവേറിയതാക്കാൻ ഡിപിആർ നിർദ്ദേശിക്കുന്നു

(1–ാം പേജിൽ നിന്ന്)

ഞ്ഞതുമില്ല. ഊന്നൽ മുഴുവൻ പുനരധിവാസപാക്കേജിന് ആയിരുന്നു. നഷ്ടപരിഹാരം ആരാണ് ചോദിച്ചത്. **സിൽവർലൈനെതിരെ സമരം ചെയ്യുന്നവർ നഷ്ടപരിഹാരത്തിനുവേണ്ടിയല്ല സമരം ചെയ്യുന്നത്. പദ്ധതി അശാസ്ത്രീയമാണ്, അനാവശ്യമാണ്, കേരളം അഭിമുഖീകരിക്കുന്ന യാത്രാ ക്ലേശങ്ങൾക്ക് പരിഹാരമല്ല, കേരളത്തിന്റെ പരിസ്ഥിതിയെയും പശ്ചിമഘട്ടത്തെയും തകർക്കുന്നതാണ്, കേരളത്തെ കടക്കെണിയിലാക്കുന്നതാണ്, പതിനായിരക്കണക്കിന് ആളുകളെ കുടിയൊഴി**






എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) കേന്ദ്രകമ്മിറ്റിയംഗം ജയ്സൺ ജോസഫ്, കെ റയിൽ സിൽവർ ലൈൻ വിരുദ്ധ ജനകീയ സമിതി സംസ്ഥാന ജനറൽ കൺവീനറും എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടേറിയറ്റ് അംഗവുമായ എസ്.രാജീവൻ എന്നിവർ മാർച്ചിനെ അഭിസംബോധന ചെയ്യുന്നു

**പ്പിക്കുന്നതാണ്, കേരളത്തിലെ മൂന്നര കോടി ആളുകളെയും പ്രതികൂലമായി ബാധിക്കുന്നതാണ്, ആയതിനാൽ പദ്ധതി നിരുപാധികം ഉപേക്ഷിക്കണം എന്നതാണ് സമരസമിതിയും പദ്ധതിയുടെ അപകടം മനസ്സിലാക്കിയിട്ടുള്ള ജനങ്ങളും ഒരേ സ്വരത്തിൽ അഭിപ്രായപ്പെടുന്നത്.**

2018 ലാണ് സിൽവർലൈൻ പദ്ധതി ആസൂത്രണം ചെയ്തു തുടങ്ങിയത് എന്നുമുഖ്യമന്ത്രി പറയുന്നു, എന്നിട്ടെന്താണ് ഇതുവരെ ഈ സമ്പർക്കപരിപാടികൾക്കൊന്നും മുതിരാതിരുന്നത്. ഇപ്പോഴും ഈ കെട്ടുകാഴ്ചയ്ക്ക് സ്വമേധയാ ഇറങ്ങിത്തിരിച്ചതല്ല, ജനങ്ങളുടെ ശക്തമായ പ്രതിഷേധത്തെ തുടർന്ന് മറ്റുപായമില്ലാതെയാണ് ചർച്ച എന്നു പറഞ്ഞ് ഇറങ്ങിത്തിരിച്ചിരിക്കുന്നത്.

### ഡിപിആറിന്റെ ഉള്ളടക്കം കെ റെയിൽ പദ്ധതിയുടെ വിനാശകരമായ സ്വഭാവം വ്യക്തമാക്കുന്നു

പിടിച്ചതിനെക്കാൾ വലുതാണ് അളയിലിരിക്കുന്നത് എന്നതുപോലെയാണ് കെ.റയിൽ സിൽവർ ലൈൻ പദ്ധതിയുടെ ഡിപിആർ പുറത്തുവന്നപ്പോഴുള്ള അവസ്ഥ. രാജ്യസുരക്ഷാ രഹസ്യം എന്ന വാദം പൊളിഞ്ഞു. ഇതിനകം ഉയർത്തപ്പെട്ട ആശങ്കൾക്ക് സ്ഥിരീകരണമായി. സ്വാഭാവിക നീരൊഴുക്കു തടയപ്പെടും അത് ഉരുൾപൊട്ടലിനും വെള്ളപ്പൊക്കത്തിനും കാരണമാകും എന്നതടക്കം പരിസ്ഥിതിയെ ആശങ്കയിലാക്കുന്ന ധാരാളം സൂചനകളുണ്ട്. ഒന്നരവർഷംമുമ്പ് തയ്യാറാക്കിയതാണ്, അതിനുശേഷം ധാരാളം മാറ്റങ്ങൾ വന്നിട്ടുണ്ട്, അതിനനുസരിച്ചാകും നടപ്പിലാക്കുക എന്ന് കെ.റയിൽ എംഡി വ്യക്തമാക്കിക്കഴിഞ്ഞു.

ബൗദ്ധിക സ്വത്തവകാശ പരിധിയിൽ വരുന്നതാകയാൽ ഡിപിആർ പുറത്തുവിട്ടു കൂടാ വാണിജ്യരഹസ്യമായതുകൊണ്ട് പുറത്തുവിടാൻ പാടില്ല, ഡിപിആർ രഹസ്യരേഖയായതുകൊണ്ട് ഇതിനാവശ്യമായി വരുന്ന പാറയുടെയും മണ്ണിന്റെയും കണക്കും പുറത്തുവിടേണ്ടതില്ല, സാമൂഹ്യആഘാത പഠനത്തിന് ഡിപിആർ കാണേണ്ടതില്ല എന്നിങ്ങനെ അതിവിചിത്രമായ വാദഗതികളാണ് ഉയർത്തപ്പെട്ടുകൊണ്ടിരുന്നത്. ആരോടാണ് ഇതൊക്കെ ഇവർ പറയുന്നത്. കേരളത്തിലെ മുഴുവൻ ജനങ്ങളെയും ബാധിക്കുന്ന ഒരു പദ്ധതിയുടെ രൂപരേഖ ജനങ്ങൾ അറിയേണ്ടതില്ല എന്നു തീരുമാനിക്കാൻ ഇവർ ആരാണ്. തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളെയെങ്കിലും കാണിക്കാനും നിയമസഭയിൽ ചർച്ചചെയ്യാനുമുള്ള വിമുഖത എന്തുകൊണ്ടാണെന്ന് മുഖ്യമന്ത്രി വ്യക്തമാക്കുക തന്നെവേണം. നിയമസഭയിൽ ചർച്ചചെയ്തു എന്ന കള്ളവും മുഖ്യമന്ത്രി പറഞ്ഞു. ഈ നിർബന്ധിത വികസനം ആരോടുള്ള ബാധ്യത നിറവേറ്റലാണ്. എന്തായാലും ജനങ്ങളോടല്ല, കോർപ്പറേറ്റുകൾക്കും ധനകാര്യ ഏജൻസികൾക്കുമുള്ള ദാസ്യപ്പണിയാണിത്. തീവ്രവലതുപക്ഷ നിലപാടെന്ന് പ്രതിപക്ഷനേതാവിന് വിമർശിക്കേണ്ടിവരുന്നു.

പുറത്തുവന്നിട്ടുള്ള ഡിപിആർ, ഞെട്ടിപ്പിക്കുന്ന വിവരങ്ങളാണ് പ്രതിപാദിക്കുന്നത്. **നിലവിലുള്ള ദേശീയ സംസ്ഥാന പാതകൾ വീതികൂട്ടുകയും വികസിപ്പിക്കുകയും ചെയ്താൽ സ്വകാര്യവാഹനങ്ങളിൽ യാത്ര സുഗമമാകും എന്നതിനാൽ സിൽവർലൈനിൽ ആളുകുറയുമത്രേ. പരിഹാരമായി ഡിപിആർ നിർദ്ദേശിക്കുന്നത് ഹൈവേകളിൽ ടോൾ ഏർപ്പെടുത്തി റോഡ് യാത്ര ചെലവേറിയതാക്കണം എന്നാണ്. (ഡിപിആർ പേജ് 149)**

**നിലവിലുള്ള റയിൽവേ ലൈൻ ഇരട്ടിപ്പിക്കൽ പൂർണമാകുകയും മൂന്നാമതൊരു ലൈൻ വരികയും വളവുനിവർത്തി നിലവിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുകയും ചെയ്താൽ കൂടുതൽ ആളുകൾ ഇന്ത്യൻ റയിൽവേയെ ആശ്രയിക്കും, തേർഡ് എസി, സ്ലീപ്പർ യാത്രക്കാർ സിൽവർ ലൈനിൽ വരില്ല, സിൽവർ ലൈനിൽ ആളുകുറയും. പരിഹാരമെന്താണ്. റയിൽവേ ചാർജ് കൂട്ടണം. (പേജ്152)**

കേരളത്തിലെ സാധാരണ ജനങ്ങൾ ആശ്രയിക്കുന്ന റോഡ് റയിൽ യാത്രാമാർഗ്ഗങ്ങളെ തകർത്ത് സിൽവർലൈനിൽ ആളെ ത്തിക്കുന്ന ചതിയാണിത് എന്നതുകൊണ്ടാണ് ഡിപിആർ പുറത്തുവിടാതിരുന്നത്.

മൂന്ന് സാധ്യതാ പഠനങ്ങൾ നടത്തിയതായാണ് കെ.റയിൽ അവകാശപ്പെടുന്നത്. മൂന്നിലും പാതയുടെ ഘടന വ്യത്യസ്തമാണ്. മേൽപ്പാലം, തറയിൽ ഉറപ്പിച്ച പാതയുടെ ദൂരം, പ്രതിദിന യാത്രക്കാരുടെ എണ്ണം എന്നിവയിൽ വലിയ വ്യത്യാസമുണ്ട്. സർവേ നടക്കുന്നതേയുള്ളൂ എന്നാണ് കെ റയിൽ ഇപ്പോൾ അവകാശപ്പെടുന്നത്. സർവേ പൂർത്തിയാകാതെ എങ്ങനെയാണ് ഡിപിആർ തയ്യാറാക്കിയത് എന്ന് കെറയിലിനു മാത്രം അറിയാവുന്ന രഹസ്യം. യാത്രക്കാരുടെ എണ്ണത്തിലും അടങ്കൽ തുകയിലും വ്യക്തതയില്ല എന്ന് ഇന്ത്യൻ റയിൽവേയും പറഞ്ഞിരിക്കുന്നു. അടിമുടി തട്ടിക്കൂട്ടും തട്ടിപ്പുമാണ് പദ്ധതി.

എത്രപേരാണ് ഭൂമി വിട്ടുകൊടുക്കേണ്ടിവരുന്നവർ എന്ന് വ്യക്തമാക്കാൻ സിൽവർലൈനിന് സ്തുതിപാടുന്നവർ ആരെങ്കിലും മുന്നോട്ടുവരണം. **25 മീറ്റർ വീതിയിൽ 530 കിലോമീറ്റർ നീളത്തിൽ ഭൂമി എടുക്കുമ്പോൾ വീടുവിട്ടുകൊടുക്കേണ്ടിവരുന്നത് 9300 കുടുംബങ്ങൾക്കാണ്. ഈ കണക്ക് ശരിയല്ല എന്നും വ്യാപാരസ്ഥാപനങ്ങളും ആരാധനാലയങ്ങളും ഉൾപ്പെടെ 20000ത്തോളം കെട്ടിടങ്ങൾ പൊളിക്കേണ്ടിവരുമെന്നും ഇ.ശ്രീധരൻ ചൂണ്ടിക്കാട്ടി യിരുന്നു. എന്നാൽ മുപ്പതുമീറ്റർ ആണ് മുഖ്യമന്ത്രി ഇപ്പോൾ പറയുന്ന കണക്ക്. ഇരുവശത്തുമായി 500 മീറ്റർ പണിതീരുന്നതുവരെ വിവിധ ആവശ്യങ്ങൾക്കായി കെ.റയിലിന്റെ കസ്റ്റഡിയിലായിരിക്കും എന്ന് ഡിപിആർ വ്യക്തമാക്കുന്നുണ്ട്. ഈ 500മീറ്റർ ബഫർ സോണായി പരിഗണിച്ചാൽ കുടിയൊഴിപ്പിക്കപ്പെടുന്നവരുടെ എണ്ണം 20 ഇരട്ടിയാകും. അതായത് ഒഴിപ്പിക്കപ്പെടുകയോ ഉപയോഗശൂന്യമാക്കപ്പെടുകയോ ചെയ്യുന്ന വീടുകൾ ഒരു ലക്ഷത്തി എൺപത്തിയാറായിരം.** 30 മീറ്ററിൽ നിർമ്മാണ പ്രവർത്തനങ്ങൾ മരവിപ്പിക്കും എന്ന് ഡിപിആർ വ്യക്തമാക്കുന്നു. ബഫർ സോണിലുള്ള ആളുകൾക്ക് നഷ്ടപരിഹാരമില്ല എന്നുമാത്രമല്ല പറമ്പിലെ മരങ്ങൾ സ്വന്തം ചെലവിൽ വെട്ടിക്കൊടുക്കേണ്ടിയും വരും.

### ആകർഷകമായ പുനരധിവാസ പാക്കേജ് എന്ന തട്ടിപ്പ്

പൗരപ്രമുഖരെ സാക്ഷിയാക്കി നാലിരട്ടിയും പൊന്നുംവിലയും മുഖ്യമന്ത്രി വാഗ്ദാനം ചെയ്യുന്നുണ്ടെങ്കിലും ഗ്രാമപ്രദേശങ്ങളിൽ എല്ലായിടത്തും അത് ലഭിക്കില്ല എന്നും നഗരാതിർത്തിയിൽനിന്നുള്ള ദൂരം കണക്കാക്കിയാകും ഗ്രാമങ്ങളിൽ നൽകേണ്ട വില നിശ്ചയിക്കുക എന്നും കെ.റയിൽ എംഡി വ്യക്തമാക്കിയിട്ടുണ്ട്. മാർക്കറ്റ് വിലയുടെ നാലിരട്ടിയാണ് മുഖ്യമന്ത്രിയുടെ വാഗ്ദാനം. എന്താണ് അതിലെ തട്ടിപ്പെന്ന് പരിശോധിക്കാം. ഭൂമിയുടെ യഥാർത്ഥവില പത്തുലക്ഷം ആണെങ്കിൽ അതിന്റെ നാലിരട്ടിയെന്ന വ്യാമോഹം വേണ്ട. ഒരു പ്രദേശത്ത് മൂന്ന് കൊല്ലത്തിനുള്ളിൽ നടന്ന ആധാരങ്ങളിൽ കാട്ടിയിട്ടുള്ള വിലയിൽ ഏറ്റവും കൂടിയതിന്റെ അമ്പതുശതമാനത്തിന്റെ ശരാശരി ആണ് വിപണി വില. ഭൂരിപക്ഷം ആധാരങ്ങളും ഫെയർവാല്യുവിലാണ് രജിസ്റ്റർ ചെയ്യുക. അതായത് ഒരു ഭൂമിക്ക് ആധാരത്തിൽ കാണിക്കാവുന്ന ഏറ്റവും കുറഞ്ഞ തുകയാണ് ഫെയർവാല്യു. അങ്ങനെ കണക്കിലെ കളികൾ ധാരാളമുണ്ട്. പദ്ധതിയുടെ 67 ശതമാനം ഭൂമിയും ഗ്രാമങ്ങളിൽനിന്നാണ് ഏറ്റെടുക്കേണ്ടിവരിക. ഡിപ്പോകൾ നിർമ്മിക്കാനും യന്ത്രസാമഗ്രികൾ എത്തിക്കാനും കൂടുതൽ സ്ഥലം വേണ്ടിവരുമെന്ന് ഡിപിആർ പറയുന്നുണ്ട്. 2013ലെ ഭൂമി ഏറ്റെടുക്കൽ നിയമപ്രകാരമേ സർക്കാരിന് നഷ്ടപരിഹാരം നൽകാനാകൂ. നക്കാപ്പിച്ച കൊടുത്താൽത്തന്നെ അതിൽനിന്ന് പത്തുശതമാനം നികുതി ഈടാക്കും. ബാക്കിയുള്ളതിൽ അറുപതു ശതമാനം ചിലപ്പോൾ കൈയോടെ കിട്ടും, ബാക്കി സിൽവർലൈൻ പദ്ധതി ലാഭത്തിലാണെങ്കിൽ മുപ്പതുവർഷത്തിനകം ലഭിച്ചേക്കും, ഇതൊക്കെ ഡിപിആർ വ്യക്തമാക്കിയിട്ടുണ്ട്.

### കെ റെയിൽ ഹരിത പദ്ധതി എന്നത് പച്ചനുണ

പരിസ്ഥിതിക്ക് യാതൊരു തകരാറുമുണ്ടാകില്ല എന്നാണ് മുഖ്യമന്ത്രി പറയുന്നത്. പരിസ്ഥിതിയെയും പശ്ചിമഘട്ടത്തെയും അമ്പേ തകർക്കുമെന്ന് വ്യക്തമാക്കപ്പെട്ടിരിക്കുന്ന പദ്ധതിക്കുവേണ്ടിയാണ് മുഖ്യമന്ത്രി കള്ളം പറയുന്നത്. 530 കിലോമീറ്ററിൽ 292 കിലോമീറ്റർ എംബാങ്ക്മെൻറ് ആണെന്ന് ഡിപിആർ വ്യക്തമാക്കുന്നുണ്ട്. 25 മീറ്റർ വീതിയിൽ കന്മതിൽകെട്ടി ഉയർത്തി മണ്ണും പാറയും ഇട്ടു നികത്തി അതിനുള്ളിലാണ് സ്റ്റാൻഡാർഡ് ഗേജ് ഉറപ്പിക്കുന്നത്. ഈ നിർമ്മിതിക്ക് 8 മീറ്റർ ഉയരംവരെ ആകാമെന്നും അതിനുമുകളിൽ നാലര മീറ്റർ ഉയരത്തിൽ സംരക്ഷണഭിത്തിവരുമെന്നുമാണ് വിവരാവകാശ നിയമപ്രകാരം ലഭിച്ച അറിയിപ്പ് പറയുന്നതെങ്കിലും 18 മീറ്റർവരെ ഉയരമാകാം എന്നാണ് ഡിപിആർ പറയുന്നത്. കൂടാതെ നൂറ്റിയൊന്നു കിലോമീറ്ററിന്റെ കട്ടിങ്സ്, ഇരുപത്തിനാല് കിലോമീറ്റർ കട്ട് ആന്റ് കവർ ആകെ നാനൂറ്റി ഇരുപത് കിലോമീറ്റർ നീളത്തിൽ ഒരു കൽഭിത്തിയാണ് നിർമ്മിതി. ഇത്ര വലിയൊരു നിർമ്മിതിക്ക് മുകളിലോട്ട് എന്ന




ചങ്ങനാശ്ശേരിയിൽ മാടപ്പള്ളി വില്ലേജ് ഓഫീസ് ധർണ്ണയ്ക്ക് മുന്നോടിയായി നടന്ന പ്രകടനം

(ശേഷം 3–ാം പേജിൽ)

# കമ്പോള പ്രതിസന്ധി ജനങ്ങളുടെ ചെലവിൽ മറികടക്കാൻ മുതലാളിവർഗ്ഗം കണ്ടെത്തിയ നൂതന മാർഗ്ഗമാണ് വികസനം എന്ന വാചാടോപം

(2–ാം പേജിൽ നിന്ന്)

തുപോലെ താഴോട്ടും നിർമ്മാണം വേണ്ടിവരും എന്നത് നിസ്തർക്കമാണല്ലോ. പദ്ധതി കേരളത്തെ നെടുകെ പിളർക്കും. ഇത് ഒരു ഡാം പോലെ പ്രവർത്തിക്കും. പദ്ധതിക്ക് കിഴക്കുവശത്ത് കുളം കുഴിച്ച് വെള്ളം ശേഖരിക്കണം എന്നും ഡിപിആർ പറയുന്നുണ്ട്. എത്ര വലിയ പാരിസ്ഥിതിക പ്രശ്നമാണ് അതുണ്ടാക്കുക.

അരക്കിലോമീറ്റർ ഇടവിട്ട് അണ്ടർപാസ്സ് ഉണ്ടാകുമത്രേ. ഈ അണ്ടർപാസ്സുകൊണ്ട് ജനങ്ങളുടെ യാത്രാ പ്രശ്നങ്ങൾ പരിഹരിക്കപ്പെടില്ല എന്നത് ഒരു കാര്യം. **പ്രളയജലത്തിന് ഒഴുകിപ്പോകാൻ അണ്ടർ പാസ്സുകൾ മതിയാകില്ല. കേരളത്തിലെ നദികളിലെല്ലാം വർഷത്തിൽ ഒന്നിലേറെത്തവണ പ്രളയജലം നിറയുന്നു എന്നതാണ് നടപ്പ് അനുഭവം. വളരെ ഗുരുതരമായ പ്രത്യാഘാതങ്ങളായിരിക്കും തന്മൂലം സൃഷ്ടിക്കപ്പെടുക എന്നത് സാമാന്യബുദ്ധിയുള്ള ആർക്കും മനസ്സിലാകും.** തിരുവനന്തപുരം മുതൽ കണിയാപുരംവരെയും തിരൂർ മുതൽ കാസർകോഡുവരെയും നിലവിലുള്ള റയിൽവേലൈനിനു സമാന്തരമായി ചേർന്നുപോകുന്നിടത്ത് ഓവർ ബ്രിഡ്ജുകളാണ് വേണ്ടിവരുക എന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു. 12 മീറ്റർ ഉയരമുള്ള ഒരു നിർമ്മിതിക്ക് ഓവർബ്രിഡ്ജ് പണിയണമെങ്കിൽ അപ്രോച്ച് റോഡ് വളരെ ദൂരത്തുനിന്ന് ആരംഭിക്കേണ്ടിവരും. അപ്പോൾ വേണ്ടിവരുന്ന കുടിയൊഴിപ്പിക്കലിനെക്കുറിച്ച് ഡിപിആർ മൗനം പാലിക്കുന്നു. മാത്രമല്ല പ്രളയജലം ഓവർ ബ്രിഡ്ജ് കയറിപ്പോകാനും സാധ്യതയില്ല.

2021 റോഡുകളാണ് ഈ ബൃഹത്തായ നിർമ്മിതികൊണ്ട് മുറിയാൻ പോകുന്നത് എന്നും വിവരാവകാശ രേഖ ഉറപ്പുതരുന്നുണ്ട്. ഈ റോഡുകളുടെ പുനർനിർമ്മിതിക്ക് തുക വകയിരുത്തിയിട്ടില്ല. മാത്രമല്ല കുടിവെള്ളം, വൈദ്യുതി, ഫോൺ, നെറ്റ് തുടങ്ങി ഭൂമിക്കടിയിലൂടെയും മുകളിലൂടെയുമുള്ള എല്ലാ കണക്ഷനുകളും വിച്ഛേദിക്കപ്പെടും.

ഇത്ര ബൃഹത്തായ നിർമ്മിതിക്ക് ആവശ്യമായി വരുന്ന പാറ, മണ്ണ് കണ്ടെത്താൻ പശ്ചിമഘട്ടം പാടേ തകർക്കേണ്ടിവരും.



ആൾ ഇന്ത്യ ഡെമോക്രാറ്റിക് യൂത്ത് ഓർഗനൈസേഷന്റെ ആഭിമുഖ്യത്തിൽ നടന്ന സെക്രട്ടേറിയറ്റ് മാർച്ച്

80ലക്ഷം ലോഡ് മണ്ണും 50 ലക്ഷം ലോഡ് പാറയും ചുരുങ്ങിയത് വേണ്ടിവരുമത്രേ. ഡിപിആർ പറയുന്ന മധ്യകേരളത്തിൽത്തന്നെയുണ്ട് യഥേഷ്ടം പാറയെന്ന്. കെ റയിൽ എംഡി പറയുന്നു കർണാടകത്തിൽനിന്ന് കൊണ്ടുവരുമെന്ന്. കർണാടകത്തിൽനിന്നായാലും പശ്ചിമഘട്ടമലനിരകളെ തകർത്തല്ലാതെ വരില്ലല്ലോ.

### കേരളം കടക്കെണിയിലേയ്ക്ക് കൂപ്പുകുത്തും

കേരളത്തിന്റെ പൊതു കടത്തിൽ വൻ വർദ്ധനവുണ്ടായിരിക്കുന്നു എന്നാണ് സമീപകാല റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. അഞ്ചുമാസംകൊണ്ട് 50,000 രൂപ ഉയർന്ന് ആളോഹരി കടം 95,225 രൂപ ആയിരിക്കുന്നു. 28,000കോടി കഴിഞ്ഞ വർഷം കടമെടുത്തതിൽ 23,000 കോടിയും കടംവീട്ടാൻ വിനിയോഗിച്ചു. സാമ്പത്തിക പ്രതിസന്ധിമൂലം ലീവ് സറണ്ടർ മാർച്ച്മാസംവരെ മരവിപ്പിച്ചിരിക്കുന്നു. കെഎസ്ആർടിസിയിൽ ശമ്പളമില്ല, പെൻഷൻ കുടിശികയാണ്. സ്കൂളുകളിൽ ഉച്ചക്കഞ്ഞിക്കും വിദ്യാർത്ഥികൾക്ക നൽകുന്ന പാലിനും നിയന്ത്രണം, 3.31 ലക്ഷംകോടിയാണ് പൊതുകടം. കേരളത്തിന്റെ സാമ്പത്തിക സ്ഥിതി ഇത്ര പരിതാപകരമായി മുന്നേറുമ്പോ ഴാണ് രണ്ടുലക്ഷംകോടി രൂപ കടമെടുത്ത് സിൽവർലൈനിൽ മുടക്കാൻ സർക്കാർ തയ്യാറാകുന്നത്. വായ്പ തിരിച്ചടവിൽ ഇടപെടില്ലെന്നും ബാധ്യത പൂർണമായും കകേരളം ഏറ്റെടുക്കണമെന്നും കേന്ദ്രം നയം വ്യക്തമാക്കിയിട്ടുമുണ്ട്.

### ഡിപിആർ പറയുന്നു

● കേരളത്തിലെ മഴയുടെ പ്രത്യേകതകൊണ്ട് താഴ്ന്ന പ്രദേശങ്ങൾ നികത്തിയാൽ വെള്ളപ്പൊക്കമുണ്ടാകും ● നെൽപാടങ്ങൾ നികത്തരുത് ● നിർമ്മാണ സമയത്തുതന്നെ പ്രളയവും വരൾച്ചയും മണ്ണിടിച്ചിലുമുണ്ടാകും ● പാത കടന്നുപോകുന്ന ഉയർന്ന തിട്ടയും പാലങ്ങളും നീരൊഴുക്കിനെ തടഞ്ഞുനിർത്തും ● ആവശ്യമെങ്കിൽ പുതിയ ക്വാറികൾ തുടങ്ങേണ്ടിവരും ● ആവശ്യമെങ്കിൽ ജലാശയങ്ങൾ വഴിതിരിച്ചുവിടേണ്ടിവരും ● ഉപരിതലജലവും ഭൂഗർഭജലവും ഒഴുക്കിക്കളയണം ● ജലാശയങ്ങൾ മലിനമാകും ● വെള്ളത്തിന്റെ ഗുണനിലവാരം കുറയും ● മണ്ണിന്റെ ഘടനമാറും ● ശബ്ദമലിനീകരണം ജനങ്ങളുടെ മാനസികാരോഗ്യത്തെ ബാധിക്കും ● പാതയുടെ ഇരുവശത്തും 30 മീറ്റർ പരിധിയിൽ നിർമ്മാണങ്ങൾക്ക് നിയന്ത്രണമേർപ്പെടുത്തും ● നിർമ്മാണം പൂർത്തിയാക്കാൻ ഏഴുമുതൽ പത്തുവർഷംവരെ എടുത്തേക്കാം ● ആവശ്യമായ മണ്ണും കല്ലും കേരളത്തിൽനിന്നുമാത്രം കിട്ടില്ല ● പാതയുടെ 62ശതമാനവും ഉയർന്ന തിട്ടയിലൂടെയാണ് ● തിട്ടയ്ക്ക് 2.4 മുതൽ 18 മീറ്റർവരെ ഉയരം ഉണ്ടാകും തുടങ്ങി ഞെട്ടിപ്പിക്കുന്നതും ഗുരുതരവും ദൂരവ്യാപകവുമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്നതുമായ വിവരങ്ങളാണ് ഡിപിആറിലുള്ളത്.

### കെ റയിൽ സിൽവർലൈൻ വിരുദ്ധ ജനകീയ സമിതി എന്ന സമരനേതൃത്വം

സിൽവർലൈൻ പദ്ധതിക്കെതിരെ സമരം ചെയ്യുന്ന ജനങ്ങളുടെ നേതൃത്വമായി പ്രവർത്തിക്കുന്ന കെ.റയിൽ സിൽവർ ലൈൻ വിരുദ്ധ ജനകീയ സമിതി ഏതെങ്കിലും രാഷ്ട്രീയ കക്ഷിയുടെയോ കക്ഷികളുടെയോ തീരുമാനത്തിനനുസരിച്ച് പ്രവർത്തിക്കുന്ന ഒന്നല്ല. ജനാധിപത്യപരമായി തെരഞ്ഞെടുക്കപ്പെട്ടതും പിന്നീട് വിപുലീകരിക്കപ്പെട്ടതുമായ ഒരു ജനകീയ സമരകമ്മിറ്റിയാണ് പ്രക്ഷോഭത്തെ നയിക്കുന്നത്. തിരുവനന്തപുരം മുതൽ കാസർകോഡ് വരെ ലൈൻ കടന്നുപോകുന്ന ഇടങ്ങളിൽ ഇരുപത്തിയഞ്ച് വീടുകൾക്ക് ഒരു യൂണിറ്റ് എന്ന നിലയിൽ വീടും സ്ഥലവും വിട്ടുകൊടുക്കേണ്ടിവരുന്നവരായ ആളുകളെ സംഘടിപ്പിച്ചുകൊണ്ടാണ് ജനകീയ സമിതി മുന്നേറുന്നത്. സങ്കുചിതമായ കക്ഷിരാഷ്ട്രീയ പരിഗണനകൾക്ക് അതീതമായാണ് ജനകീയ സമിതി നിലകൊള്ളുന്നത്. അടിയുറച്ച മതേതര വീക്ഷണമുള്ളവരും വ്യത്യസ്തരാഷ്ട്രീയ നിലപാടുകൾ സ്വീകരിച്ചവരും ഒരു രാഷ്ട്രീയ കക്ഷിയിലും ഉൾപ്പെടാത്തവരും ജാതി – മത വിശ്വാസികളും സമിതിയിൽ വിനാശകരമായ കെ റെയിൽ പദ്ധതി പിൻവലിക്കുക എന്ന ഒരൊറ്റ ഡിമാന്റിന്മേൽ ഐക്യത്തോടെ പ്രവർത്തിക്കുന്നു. ഇതാണ് യാഥാർത്ഥ്യമെന്നിരിക്കെ മുഖ്യമന്ത്രിയും പാർട്ടി സെക്രട്ടറിയും സിപിഐ (എം) ഒന്നാകെയും വളരെ ഇടുങ്ങിയ രാഷ്ട്രീയനേട്ടങ്ങൾക്കായി നിരുത്തരവാദപരമായ പ്രസ്താവനകൾ നടത്തുന്നത് ദീർഘകാലാടിസ്ഥാനത്തിൽ ജനകീയ പ്രക്ഷോഭങ്ങൾക്ക് വലിയ തിരിച്ചടി സൃഷ്ടിക്കുമെന്ന് ഇക്കൂട്ടർ മനസ്സിലാക്കിയാൽ നല്ലത്. സ്വന്തം സമരോപകരണങ്ങൾ രൂപപ്പെടുത്തിക്കൊണ്ട് ബദൽ രാഷ്ട്രീയ ശക്തി വളർത്തിയെടുക്കാൻ ജനങ്ങളെ പരിശീലിപ്പിക്കുകയാണ് യഥാർത്ഥ ഇടതുപക്ഷ ധർമ്മം. പൂർണ്ണമായും അതിനുനിരക്കുംവിധം വികസിച്ചുവന്നിട്ടുള്ള ഒരു സമരത്തിന്റെ പിതൃത്വവും നേതൃത്വവും കോൺഗ്രസ്സിനും ബിജെപിക്കും ജമാ അത്തെ ഇസ്ലാമിക്കും ചാർത്തിക്കൊടുക്കുന്നതുവഴി ഇടതുധർമ്മം വെടിയുകയാണ് സിപിഐ (എം) കൂട്ടാളികളും.

**പ്രതിപക്ഷത്തായിരിക്കുമ്പോൾ എതിർക്കുകയും ഭരണത്തിലെത്തുമ്പോൾ നടപ്പിലാക്കുകയും ചെയ്യുക എന്നതാണ് സിപിഐ(എം)ന്റെ നയം. മഹാരാഷ്ട്രയിൽ ബുള്ളറ്റ് ട്രെയിനെതിരായ സമരത്തിന്റെ മുൻനിരയിൽ ഇപ്പോഴ് സിപിഐ (എം)ഉണ്ട്. ബുള്ളറ്റ് ട്രയിനെ എതിർക്കാൻ പ്രദേശത്തെ ജനങ്ങൾ നിരത്തുന്ന അതേ കാരണങ്ങൾതന്നെയാണ് സിൽവർലൈനിനെതിരെ കേരളത്തിലും ഉയർത്തപ്പെടുന്നത്. എന്നാൽ അവിടെ സമരത്തോടൊപ്പവും ഇവിടെ സമരത്തിനെതിരും എന്നതാണ് സ്ഥിതി.** സിൽവർലൈനെന്ന സെമിഹൈസ്പീഡിലേയ്ക്ക് വരുന്നതിനുമുമ്പുള്ള ഹൈസ്പീഡ് റയിൽ കോറിഡോർ സമരത്തോടൊപ്പം സിപിഐ(എം)ഉം നേതാക്കളും ഉണ്ടായിരുന്നു എന്നതിന് ആവശ്യത്തിലേറെ തെളിവുകളുമുണ്ട്.





എസ്‌യുസിഐ കമ്മ്യൂണിസ്റ്റ് സംസ്ഥാനകമ്മിറ്റിഅംഗം മിനി കെ.ഫിലിപ്പ്, കെ റെയിൽ സിൽവർ ലൈൻ വിരുദ്ധ ജനകീയ സമിതി തിരുവനന്തപുരം ജില്ലാ ചെയർമാൻ കരവാരം രാമചന്ദ്രൻ, സംസ്ഥാന രക്ഷാധികാരി ശൈവപ്രസാദ് എന്നിവർ സെക്രട്ടേറിയറ്റ് മാർച്ചിനെ അഭിസംബോധന ചെയ്യുന്നു.

ഈ ഇരട്ടത്താപ്പും അവസരവാദപരമായ നിലപാടുകൾ വഴി ജനകീയ സമരങ്ങൾക്ക് അളക്കനാവാത്ത ആഘാതം ഏൽപ്പിച്ച പ്രസ്ഥാനമാണ് സിപിഐ(എം).

2014ലെ ബജറ്റിൽ മുംബൈ അഹമ്മദാബാദ് ബുള്ളറ്റ് ട്രയിൻ പദ്ധതിയെക്കുറിച്ച് റയിൽവേ മന്ത്രി രാജ്യസഭയിൽ നടത്തിയ പ്രസ്താവനയോട് പ്രതികരിച്ചുകൊണ്ട് അന്ന് രാജ്യസഭാംഗമായിരുന്ന ഇപ്പോഴത്തെ ധനകാര്യമന്ത്രി കെ.എൻ.ബാലഗോപാൽ പറഞ്ഞത്, നിലവിലുള്ള റയിൽവേ പദ്ധതികൾ നന്നാക്കുകയും വികസിപ്പിക്കുകയുമാണ് വേണ്ടത്, ഇപ്പോൾ സർവീസ് നടത്തുന്ന തീവണ്ടികളുടെ വേഗതയും സാങ്കേതിക സൗകര്യങ്ങളും വർദ്ധിപ്പിക്കണം. ഹ്രസ്വദൂര യാത്രകൾക്കായി കൂടുതൽ മെമു സർവീസുകൾ നടത്തണം. പാത ഇരട്ടിപ്പിക്കലും റയിൽവേ സ്റ്റേഷനുകളുടെ വികസനവും വേഗത്തിലാക്കണം എന്നാണ്. തരംപോലെ പറയുന്നവരാണിക്കൂട്ടർ എന്നതിന് എത്രയോ ഉദാഹരണങ്ങൾ ബാക്കി.

### വിനാശമാകുന്ന വികസനം

ഇപ്പോഴല്ലെങ്കിൽ പിന്നെ എപ്പോൾ എന്നാണ് മുഖ്യമന്ത്രി വേവലാതിപ്പെടുന്നത്. സിൽവർലൈൻ പദ്ധതിയും വികസനത്തിന്റെ അക്കൗണ്ടിലാണ് എഴുതിച്ചേർക്കപ്പെട്ടിരിക്കുന്നത്. ഇത് വികസനമല്ല, വിനാശമാണ്. കേരളത്തിന്റെ സമ്പൂർണ തകർച്ച ഉറപ്പാക്കുന്ന പദ്ധതിയാണിത്. ഒരു പിടിവരുന്ന ആളുകളുടെ വേഗതയെക്കുറിച്ചു പറയുന്നവർ ബഹുഭൂരിപക്ഷത്തിന്റെയും സഞ്ചാര സ്വാതന്ത്ര്യത്തെത്തന്നെ ഹനിക്കുകയാണ്. അടിസ്ഥാന ജീവിത സൗകര്യങ്ങൾ മുഴുവൻ ആളുകൾക്കും കരഗതമാകുന്ന അവസ്ഥയാണ് യഥാർത്ഥ വികസനം. മുഴുവൻ ആളുകൾക്കും തൊഴിൽ, പാർപ്പിടം, വിദ്യാഭ്യാസം, കുടിവെള്ളം, ആരോഗ്യം ഇതെല്ലാം ഉറപ്പാക്കപ്പെടണം. സ്ത്രീപുരുഷ ഭേദമെന്യേ മുഴുവൻ ആളുകൾക്കും സാമൂഹ്യ സുരക്ഷിതത്വം ഉറപ്പാക്കപ്പെടണം.

(ശേഷം 8–ാം പേജിൽ)

# സിൽവർ ലൈൻ:
# ക്രിമിനൽ മൂലധനത്തിന്റെ വൻനിക്ഷേപങ്ങൾ ജനങ്ങളുടെ ജീവിതത്തിന്റെ അടിസ്ഥാനപ്രശ്നങ്ങൾ പരിഹരിക്കില്ല

**സി**പിഐ(എം) നയിക്കുന്ന കേരളത്തിലെ ഇടതുസർക്കാരിന്റെ കാർമ്മികത്വത്തിൽ ആനയിക്കപ്പെടുന്ന കെ റെയിൽ സിൽവർലൈൻ പദ്ധതി നൂറുശതമാനവും കോർപ്പറേറ്റുമൂലധനത്തിന്റെ താൽപ്പര്യം മാത്രം ലക്ഷ്യമിട്ടുകൊണ്ടുള്ളതാണ്. എന്നാൽ സിപിഐ(എം) നേതാക്കൾ, ഈ പദ്ധതിയുടെ മൂലധനതാൽപ്പര്യം മറച്ചുവയ്ക്കുന്നതിനായി ഇടതുരാഷ്ട്രീയത്തിനു നേർവിപരീതമായ ആശയങ്ങളും സിദ്ധാന്തങ്ങളും നുണകളും പടച്ചുവിടുകയാണ്. ദൗർഭാഗ്യകരമെന്നുപറയട്ടെ, ഇടതുവേഷം ധരിച്ച, തികഞ്ഞ വലതുരാഷ്ട്രീയത്തിന്റെ ഈ ആശയപ്രചാരവേല യഥാർത്ഥ ഇടതുപക്ഷ രാഷ്ട്രീയത്തിന്റെ മഹത്വത്തിനും യശസ്സിനും വൻതോതിൽ കളങ്കമേൽപ്പിക്കുന്നു. സ്വകാര്യമൂലധനത്തിന്റെ കണ്ണിൽച്ചോരയില്ലാത്ത ചൂഷണത്തിനെതിരെയുള്ള പ്രക്ഷോഭത്തെ അതു ദുർബ്ബലപ്പെടുത്തുന്നു. നവ ഉദാരവൽക്കരണ നയങ്ങളുടെ വർഗ്ഗപരമായ താൽപ്പര്യങ്ങൾ തുറന്നുകാട്ടി, വിട്ടുവീഴ്ചയില്ലാത്ത തൊഴിലാളിവർഗ്ഗമുന്നേറ്റത്തിന് ആധാരമായ ആശയാടിത്തറ ബലപ്പെടുത്തേണ്ടതിന്റെ സ്ഥാനത്ത് മുതലാളിത്ത നയങ്ങളെ വെള്ളപൂശുന്ന വർഗ്ഗ വഞ്ചനയാണ് സിപിഐ(എം) കൂട്ടരും നടത്തുന്നത്.

### നഗ്നമായ വലതുപക്ഷ രാഷ്ട്രീയത്തിനുവേണ്ടി നിലകൊള്ളുന്ന സിപിഐ(എം)

അടിസ്ഥാന സൗകര്യ വികസനത്തിന്റെ മേഖലയിൽ നടത്തുന്ന ഈ വൻമുതൽമുടക്ക് സംസ്ഥാനത്തിന്റെ വമ്പിച്ച കുതിപ്പിന് ഇടനൽകുമെന്നാണ് മുഖ്യമന്ത്രി പൗരപ്രമുഖരുടെ യോഗങ്ങളിൽ ആവർത്തിച്ചത്. സാമ്പത്തിക ഘടനയ്ക്ക് ഉത്തേജനം നൽകുന്നതിനാണ് സിൽവർലൈൻ പദ്ധതി എന്ന് ധനമന്ത്രി കെ.എൻ. ബാലഗോപാലും പ്രസ്താവിക്കുകയുണ്ടായി. 'ഇത്തരം വികസന പദ്ധതികൾ ഇടതുപക്ഷത്തിന്റേതല്ലെന്ന വാദവുമായി ചിലർ രംഗത്തുവന്നിട്ടുണ്ട്. ദാരിദ്ര്യത്തിന്റെ വീതംവയ്ക്കലിന്റെ പ്രയോഗമല്ല, ഇടതുപക്ഷത്തിന്റേത്. അത് തൊഴിലില്ലായ്മയുടെ പങ്കുവയ്ക്കലിന്റേതുമല്ല. പശ്ചാത്തല സൗകര്യ വികാസം ഉൾപ്പടെ ഉപയോഗിച്ച് നടത്തുന്ന ഉൽപ്പാദന വളർച്ചയുടെ നേട്ടങ്ങൾ മുഴുവൻ ജനങ്ങൾക്കും ലഭ്യമാക്കാനാണ് ഇടതുപക്ഷം ശ്രമിക്കുന്നത്.' സംസ്ഥാന വ്യവസായ മന്ത്രി ദേശാഭിമാനിയിൽ ജനുവരി 22ന് എഴുതിയ ലേഖനത്തിന്റെ ഹൈലൈറ്റാണ് ഈ വാക്കുകൾ. പ്രിയപ്പെട്ട വായനക്കാർക്കെന്തു മനസ്സിലായി? ഇത്തരം വികസന പദ്ധതികൾ ഇടതുപക്ഷത്തിന്റേതാണ്. ദാരിദ്ര്യവും തൊഴിലില്ലായ്മയും എല്ലാവർക്കുമായി പങ്കിടാൻ ഉദ്ദേശിക്കുന്നില്ല. പശ്ചാത്തല സൗകര്യ വികാസം ഉൽപ്പാദനവളർച്ച സൃഷ്ടിക്കും. അദ്ദേഹം പറയുന്ന ഈ വാദങ്ങളുടെ യഥാർത്ഥസ്ഥിതി നമുക്ക് ഒന്ന് വിലയിരുത്താം.

ഇത്തരം പശ്ചാത്തല സൗകര്യ വികസന പദ്ധതികൾ ഇടതുപക്ഷത്തിന്റേതാണെങ്കിൽ അവ എങ്ങിനെയാണ് ബിജെപിയുടെയും പദ്ധതികളായിരിക്കുന്നത്? എക്സ്പ്രസ്സ് ഹൈവേകളും അതിവേഗ റെയിൽ പാതകളും സെൻട്രൽ വിസ്തയുമെല്ലാം കേന്ദ്രത്തിന്റെയും താരപദ്ധതികളാണല്ലോ. ബിജെപി ഇടതുപക്ഷമായതാണോ അതോ സിപിഐ(എം) വലതുപക്ഷമായതാണോ? ആദ്യത്തേതിന് ഒരു സാധ്യതയുമില്ലെന്ന് ഇടതുസുഹൃത്തുക്കളും പറയുമല്ലോ. അപ്പോൾ രണ്ടാമത്തേതാണ് സംഭവിച്ചിരിക്കുന്നത്. ഈ വികസന മാതൃകകൾ ഇടതുപക്ഷത്തിന്റേതാണെന്ന് അവകാശപ്പെടാൻ ഒരു ലജ്ജയുമില്ലാത്ത വിധം സിപിഐ(എം)ഉം സിപിഐയും വലതുപക്ഷമായിരിക്കുന്നു. കോർപ്പറേറ്റ് ശക്തികൾ ഇന്ന് ഭ്രാന്തമായി പരിശ്രമിക്കുന്നത് പശ്ചാത്തല സൗകര്യ വികസന രംഗത്ത് പരമാവധി മൂലധനനിക്ഷേപത്തിന് വഴിയൊരുക്കുക എന്നതിനാണ്. അതേ തീവ്രതയോടെ, പിടിവാശിയോടെ സിപിഐ(എം)ഉം പരിശ്രമിക്കുന്നത് ഇതേ ലക്ഷ്യത്തിനുവേണ്ടിയാണ്. അങ്ങിനെ അവരുടെ ലക്ഷ്യങ്ങൾ ഒരു മറയുമില്ലാതെ ഒന്നായിക്കഴിഞ്ഞതിനുശേഷവും സിപിഐ(എം) നേതാക്കൾ അവകാശപ്പെടുന്നത് ഈ വികസന പദ്ധതികൾ ഇടതുപക്ഷത്തിന്റേതാണ് എന്നാണ്!

### 'വികസനം അരിച്ചിറങ്ങും' ആഗോളവൽക്കരണ കുറിപ്പടിയുടെ ഇടതുഭാഷ്യം

ദാരിദ്ര്യവും തൊഴിലില്ലായ്മയും വീതം വയ്ക്കാനുദ്ദേശിക്കുന്നില്ല എന്നതിൽ നിന്നും നാമെന്താണ് മനസ്സിലാക്കേണ്ടത്. നിലവിലുള്ള സമ്പത്ത് വീതംവച്ച് ദാരിദ്ര്യം എല്ലാവർക്കുമായി വീതം വയ്ക്കാനുദ്ദേശിക്കുന്നില്ല. തൊഴിലിന്റെയും കാര്യം അങ്ങനെതന്നെ. ദരിദ്രർക്ക് സബ്സിഡികളോ, ആശ്വാസമോ നൽകുകയല്ല വേണ്ടുന്നത്. ദരിദ്രരും തൊഴിൽരഹിതരും നിലനിൽക്കുമ്പോൾത്തന്നെ വികാസം മുകൾത്തട്ടിൽ ഉറപ്പാക്കും. ഈ സമ്പ്രദായത്തിന് ആഗോളവൽക്കരണത്തിന്റെ പണ്ഡിതന്മാർ നൽകിയ പേരാണ് ട്രിക്കിൾ ഡൗൺ ഡവലപ്പ്മെന്റ്. സമ്പത്തുള്ളവരിൽനിന്ന് പ്രത്യേകമായ നികുതി പിരിക്കരുത്. ഖജനാവിലെ പണമുൾപ്പടെ ഉപയോഗിച്ച് ധനികരുടെ മൂലധനവികാസത്തിന് വേണ്ടുന്ന നയങ്ങൾ നടപ്പാക്കുക. അവരുടെ ക്രയവിക്രയങ്ങളും സാമ്പത്തികവ്യവഹാരങ്ങളും മൂലധനവികാസവും സൃഷ്ടിക്കുന്ന നേട്ടങ്ങൾ സമൂഹത്തിലേക്ക്, ദരിദ്രരുടെ ഇടയിലേക്ക് ക്രമേണ ട്രിക്കിൾ ഡൗൺ ചെയ്യും. അതായത് അരിച്ചിറങ്ങും. അങ്ങിനെ സമൂഹം പുരോഗതിയുടെ പാതയിലേക്ക് വരും. ധനികർ ശതകോടീശ്വരന്മാരായി ഉയരുമ്പോൾ, അതിന്റെ സദ്ഫലങ്ങൾ സമൂഹത്തിന് ഒന്നാകെ ലഭിക്കും. നവ ഉദാരവൽക്കരണത്തിന്റെ ഈ കുറിപ്പടി കേന്ദ്രസർക്കാരിന്റെ ബജറ്റ് രേഖകളിൽ, ഇടതുവ്യവസായ മന്ത്രി അവതരിപ്പിച്ചിരിക്കുന്ന അതേ ഭാഷയിൽ നമുക്ക് വായിക്കാൻ കഴിയും. എന്നിട്ടും നമ്മൾ ഇതിനെ ഇടത് സിദ്ധാന്തമെന്നു വിളിക്കണമത്രെ!

പശ്ചാത്തല വികസനം വഴി വരുന്ന ഉൽപ്പാദനവളർച്ചയുടെ നേട്ടങ്ങൾ, മുഴുവൻ ജനങ്ങൾക്കും ലഭ്യമാക്കാനാണ് ഇടതുപക്ഷ സർക്കാർ ശ്രമിക്കുന്നതെന്നാണല്ലോ വ്യവസായ മന്ത്രി പറയുന്നത്. മുതലാളിത്തഭരണകൂടങ്ങൾ എവിടെയും ഇതുതന്നെയാണ് ആവർത്തിക്കുന്നത്. ഉൽപ്പാദനവളർച്ചയെ സംബന്ധിച്ച ഈ അവകാശവാദങ്ങൾ മിഥ്യയോ അല്ലെങ്കിൽ ഊതിപ്പെരുപ്പിച്ചവയോ മാത്രമാണെന്ന് രാജ്യത്തിന്റെ കഴിഞ്ഞ ഒരു പതിറ്റാണ്ടിന്റെ അനുഭവം തെളിയിക്കുന്നു. ഉൽപ്പാദനമാന്ദ്യം മാത്രമല്ല, നെഗറ്റീവ് ഗ്രോത്ത് പോലും നാം ദർശിച്ചു. രാജ്യമാകെ അടിസ്ഥാന സൗകര്യവികസനരംഗത്ത് കഴിഞ്ഞ ഒരു പതിറ്റാണ്ടിനിടയിൽ മുടക്കിയിട്ടുള്ള 7 ലക്ഷം കോടി രൂപ എന്ത് ഉൽപ്പാദനവളർച്ചയാണ് കൊണ്ടുവന്നത്? ഈ രംഗത്ത് മുടക്കുന്ന ഭീമമായ മൂലധനത്തിന് ആനുപാതികമായി തൊഴിലുകൾ, നിർമ്മാണവേളയിൽപ്പോലും സൃഷ്ടിക്കാത്ത പദ്ധതികളാണ് ഇവയൊന്നാകെ. പെരുകുന്ന ദാരിദ്ര്യവും ഇടിയുന്ന ക്രയശേഷിയും സൃഷ്ടിക്കുന്ന വിപണിമാന്ദ്യം രാജ്യത്തെ സാമ്പത്തിക ചലനങ്ങളെയാകെ നിശ്ചലമാക്കിയിരിക്കുന്നു. കൃത്രിമകണക്കുകൾകൊണ്ടുപോലും രക്ഷപെടുത്താനാവാത്തവിധം ജിഡിപി താഴോട്ടുപോകുന്നു. പശ്ചാത്തല സൗകര്യ വികസന രംഗത്ത് മുടക്കുന്ന മൂലധനം കൃത്രിമ ശ്വാസം നൽകൽ മാത്രമാണ്. രോഗത്തിനുള്ള പ്രതിവിധിയേയല്ല. നമ്മുടെ രാജ്യം മാത്രമല്ല, ലോകമെമ്പാടുമുള്ള മുതലാളിത്ത രാജ്യങ്ങൾ അത് തെളിയിക്കുന്നു. വികസനത്തെയും വളർച്ചയെയും സംബന്ധിക്കുന്ന മുതലാളിത്തത്തിന്റെ തലതിരിഞ്ഞ സിദ്ധാന്തം, ഇരുട്ടുകൊണ്ട് ഓട്ടയടയ്ക്കൽ മാത്രമാണ്. ഇടതാണെന്ന് സാക്ഷ്യപ്പെടുത്തി ജനങ്ങളെ കബളിപ്പിക്കുന്ന സിപിഐ, സിപിഐ(എം) പ്രസ്ഥാനങ്ങൾ ഒരു ഉളിപ്പുമില്ലാതെ അത് ആവർത്തിക്കുക മാത്രമാണ് ചെയ്യുന്നത്.

### പശ്ചാത്തല സൗകര്യ വികസനം സൃഷ്ടിക്കുന്ന ഉൽപ്പാദന വളർച്ച– മോദിയും പിണറായിയും കാണുന്നത് ഒരേ സ്വപ്നം

സിൽവർലൈൻ ഒരു വിധത്തിലും ഇടതുരാഷ്ട്രീയത്തിന്റെ ധാരണകളു നിറവേറ്റുന്ന പദ്ധതിയല്ല. കെ റെയിൽ സിൽവർലൈനെന്നല്ല, ഒരു പദ്ധതിയെയും ഇന്നത്തെ വർത്തമാന സാമ്പത്തിക വ്യവഹാരങ്ങളിൽ നിന്ന് അടർത്തിമാറ്റി വിലയിരുത്താനാവില്ല. നമ്മുടെ രാജ്യത്ത് നടപ്പാക്കുന്ന മൂലധന - സാമ്പത്തിക നയങ്ങളുടെ അടിസ്ഥാനസമീപനങ്ങളിൽ നിന്നും കെ റെയിൽ പദ്ധതി എവിടെയാണ് ഭിന്നമാകുന്നത്. കേന്ദ്ര ബിജെപി സർക്കാർ പിൻതുടരുന്ന നയങ്ങളിൽ ഒന്നാണ് അടിസ്ഥാന സൗകര്യ വികസനരംഗത്ത് പരമാവധി മൂലധനനിക്ഷേപമെന്നത്. രാജ്യമെമ്പാടുമായി 21 മെട്രോറെയിൽ പദ്ധതികളും സെൻട്രൽ വിസ്തയും മുംബൈ - അഹമ്മദാബാദ് ഹൈസ്പീഡ് റെയിലും മുംബൈ ട്രാൻസ്ഹാർബർ പാലവും എക്സ്പ്രസ്സ് ഹൈവേകളും തുടങ്ങി നിരവധിയായ പദ്ധതികളെല്ലാം ഈ നയത്തിന്റെ അടിസ്ഥാനത്തിൽ വന്നിട്ടുള്ളവയാണ്. സിൽവർലൈൻ സംസ്ഥാനത്തിനു കുതിപ്പ് നൽകുമെന്ന് അവകാശപ്പെടുന്നതുപോലെതന്നെ ഇവയും രാജ്യത്തിന്റെ സാമ്പത്തിക ഘടനയ്ക്ക് ഉത്തേജനം നൽകുമെന്നാണ് മോദിയും കൂട്ടരും അവകാശപ്പെടുന്നത്. സാധാരണജനങ്ങളുടെ ജീവിതത്തിൽ സൃഷ്ടിപരമായ ഒരു നേട്ടവും സൃഷ്ടിക്കാത്ത ഈ പദ്ധതികളെ രാജ്യത്തിന്റെ വികസനമായി ചിത്രീകരിച്ച് വൻകിട മുതലാളിമാരുടെ ഉരുക്കും സിമന്റും കൂറ്റൻ യന്ത്രങ്ങളും വിറ്റഴിക്കാനുള്ള കൃത്രിമവിപണി സൃഷ്ടിക്കുകയാണ് ഇവർ. സർക്കാർ തന്നെ ക്രേതാവായി മാറുകയാണ്. വമ്പൻ റിയൽ എസ്റ്റേറ്റ് - നിർമ്മാണ കമ്പനികൾ സർക്കാരുകളോട് വീണ്ടും വീണ്ടും നിർമ്മാണ പദ്ധതികൾ പ്രഖ്യാപിക്കാൻ ആവശ്യപ്പെടുന്നു. വൻകിട കോർപ്പറേറ്റുകളുടെ മൂലധന താൽപ്പര്യം മാത്രമാണ് പശ്ചാത്തല സൗകര്യ വികസന പദ്ധതികളുടെ പിറകിലുള്ളത്. ഫണ്ടിക-ഫിനാൻസ് മൂലധനത്തിന്റെ ശക്തികളും (വായ്പയെന്ന പേരിൽ മൂലധനം ഒഴുക്കുന്നവർ) കൂറ്റൻ നിർമ്മാണ കമ്പിനികളും ഉന്നത ബ്യൂറോക്രാറ്റുകളും രാഷ്ട്രീയനേതൃത്വവും ഒന്നുചേർന്നുള്ള ഗൂഢസംഘമാണ് ഈ പദ്ധതികളൊന്നാകെ രൂപകൽപ്പന ചെയ്യുന്നത്. ഈ പദ്ധതികൾ ജനങ്ങൾക്ക് എന്തു പ്രയോജനം നൽകുന്നുവെന്നത് അവർക്ക് മാനദണ്ഡമേയല്ല. പ്രാണവായു കിട്ടാതെ ദില്ലിയിൽ ജനങ്ങൾ പിടഞ്ഞുമരിക്കുമ്പോഴും സെൻട്രൽ വിസ്തയുടെ പണി നിർത്തിവയ്ക്കാതിരുന്നതും കൂടതൽ തുക വീണ്ടും അനുവദിച്ചതും കോടതി അതിനുകൂട്ടുനിന്നതും മുതലാളിത്തത്തിന് നിർമ്മാണവും പശ്ചാത്തലവികസനവും പ്രാണവായു പോലെയായിരിക്കുന്നു എന്നതിന്റെ വ്യക്തമായ തെളിവാണ്.

### പശ്ചാത്തല സൗകര്യ വികസന രംഗത്തുള്ള മൂലധന നിക്ഷേപത്തിനായി ലോകമെമ്പാടും കോർപ്പറേറ്റുകൾ പരക്കം പായുന്നു

കെട്ടിക്കിടക്കുന്ന മൂലധനം പ്രവഹിപ്പിക്കുന്നതിനായുള്ള പുതിയ മേഖലകൾ കണ്ടെത്തുക എന്ന ലക്ഷ്യത്തോടെ മരണപ്പാച്ചിൽ നടത്തുകയാണ് മൂലധനഭീമന്മാരും അവരുടെ കാര്യസ്ഥന്മാരായ മുതലാളിത്തഭരണകൂടങ്ങളും. ഉദാരവൽക്കരണ നയങ്ങളുടെ മൂന്നാം ഘട്ടത്തിൽ മൂലധന നിക്ഷേപത്തിനായി അവർ ഏറ്റവുമധികം സാധ്യത കണ്ടെത്തിയിട്ടുള്ള മേഖലകളിലൊന്ന് പശ്ചാത്തല സൗകര്യ വികസനമാണ്. അതിനാലാണ് ഇന്ന് നിർമ്മാണമേഖലയിലേക്ക് കോടാനുകോടിയുടെ മൂലധനം പ്രവഹിക്കുന്നത്. കഴിഞ്ഞ രണ്ട് പതിറ്റാണ്ടിനോടകം ലോകമെമ്പാടും പണിതുയർത്തിയിട്ടുള്ള അടിസ്ഥാന സൗകര്യ വികസനത്തിന്റെ നിർമ്മിതികൾ ആരെയും അത്ഭുതപ്പെടുത്തുന്നവയാണ്. ഈ നിർമ്മിതികളിൽ ഏറിയവയും അതാത് രാജ്യങ്ങളിലെ ഭൂരിപക്ഷം വരുന്ന സാധാരണജനങ്ങൾക്ക് ഒരു വിധപ്രയോജനവും ചെയ്യുന്നില്ലെങ്കിലും നിർ

(ശേഷം 5–ാം പേജിൽ)

# സിൽവർലൈൻ: കോർപ്പറേറ്റ് വികസന പദ്ധതി

(4-ാം പേജിൽ നിന്ന്)

മ്മിച്ചുകൂട്ടുക എന്ന ഒരൊറ്റ അജണ്ടയിലാണ് ഭീമന്മാരായ നിർമ്മാണകമ്പിനികളും സർക്കാരുകളും പ്രവർത്തിക്കുന്നത്. ലോകഫുട്ബോൾ മൽസരത്തിന് വേദിയാകാൻ പോകുന്ന ഖത്തറിൽ ഒരു പതിറ്റാണ്ടായി നടക്കുന്ന നിർമ്മാണങ്ങൾ 220 ബില്യൺ ഡോളറിന്റേതാണ് (16.5 ലക്ഷം കോടി രൂപ). അതായത് തെക്കേ ആഫ്രിക്കയിൽ നടന്ന വേൾഡ്കപ്പിനു വേണ്ടി ചെലവഴിച്ചതിന്റെ 60 മടങ്ങ്! ലോകഫുട്ബോളിൽ കേവലം 113-ാം റാങ്ക് മാത്രമുള്ള, യോഗ്യതാമൽസരത്തിൽപ്പോലും വിജയിച്ചിട്ടില്ലാത്ത ഖത്തർ, ഫുട്ബോളിനോടോ സ്പോർട്സിനോടോ ഉള്ള പ്രതിബദ്ധത കൊണ്ടല്ല ലോകഫുട്ബോളിന്റെ വേദിയായിരിക്കുന്നത്. ലോകകപ്പിന്റെ പേരിൽ കൂറ്റൻ നിർമ്മാണപ്രവർത്തനങ്ങളിലൂടെ മൂലധനനിക്ഷേപത്തിന്റെ സാധ്യത സൃഷ്ടിക്കുക മാത്രമാണ് ലക്ഷ്യം. ഖത്തറിന് ലോകകപ്പ് സമ്മാനിക്കാൻ സംഘടിതമായി ചരട്വലിച്ച യൂറോപ്യൻ രാജ്യങ്ങളാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന നിർമ്മാണപ്രവർത്തനങ്ങളുടെ സർവ്വകരാറും കൈവശപ്പെടുത്തിയിരിക്കുന്നത്. പശ്ചാത്തല സൗകര്യത്തിന്റെ പേരിലുള്ള വികസനത്തിന്റെ പിറകിലെ രഹസ്യഅജണ്ട വ്യക്തമാക്കാൻ ഖത്തറിന്റെയോ ഗ്രീസിന്റെയോ അനുഭവം മാത്രം വിലയിരുത്തിയാൽ മതി.

ഋണബാധ്യതയിൽ മുങ്ങിത്താഴ്ന്നിരുന്ന ഗ്രീസ് എന്ന രാജ്യം, 2004ലെ ഏതൻസ് ഒളിമ്പിക്സിനുവേണ്ടി 168 ബില്യൺ യൂറോയുടെ നിർമ്മാണപ്രവർത്തനങ്ങളാണ് നടത്തിയത്. സാമ്പത്തികവ്യവസ്ഥയെ ചലിപ്പിക്കാൻ വളരെ സഹായകരമെന്നു പറഞ്ഞുകൊണ്ട് യൂറോപ്യൻ രാജ്യങ്ങളൊന്നാകെ ഗ്രീസിന്റെമേൽ സമ്മർദ്ദം ചെലുത്തി പശ്ചാത്തലസൗകര്യവികസനം നടപ്പാക്കി. സാമ്പത്തികഘടനയെ ചലിപ്പിച്ചില്ലെന്നു മാത്രമല്ല, ഗ്രീസ് ആഴമാർന്ന പ്രതിസന്ധിയിൽ അകപ്പെടുകയും ചെയ്തു. അതിഭീമമായ വായ്പ എടുത്ത്, പടുത്തുയർത്തിയ കൂറ്റൻസ്റ്റേഡിയങ്ങളും അനുബന്ധസംവിധാനങ്ങളും ഇന്ന് സംരക്ഷിക്കാൻ പോലുമുള്ള സാമ്പത്തികസ്ഥിതി ഗ്രീസിനില്ലാതായിക്കഴിഞ്ഞു. ചരിത്രത്തിലാദ്യമായി ഒരു രാഷ്ട്രം തന്നെ പാപ്പരാകുന്ന അപൂർവ്വഅനുഭവത്തിന് ലോകം സാക്ഷിയായി. 20 കോടി ദരിദ്രരുള്ള ബ്രസീൽ, റിയോ ഒളിമ്പിക്സിനുവേണ്ടി നടത്തിയ വികസനവും ഇതേ ഫലമാണ് സൃഷ്ടിച്ചത്.

## കെ റെയിൽ കേരളത്തിന്റെ കുതിപ്പിനെ ശക്തിപ്പെടുത്തുമെന്നത് കെട്ടുകഥ

'കെ റെയിൽ വഴി അസംസ്കൃത വസ്തുക്കളുടെയും ഉൽപ്പന്നങ്ങളുടെയും അധ്വാനശക്തിയുടെയും വേഗതയേറിയ സഞ്ചാരം ഉറപ്പുവരുത്തുന്നത് പുതിയ കേരളത്തിലേക്കുള്ള കുതിപ്പിന്റെ പരിസരം ശക്തിപ്പെടുത്തും' (പി.രാജീവ്, വ്യവസായ മന്ത്രി – ദേശാഭിമാനി, ജനുവരി 22). വടക്കുനിന്ന് തെക്കോട്ടോ തിരികെയോ എന്ത് അസംസ്കൃതവസ്തുവിന്റെ നിരന്തരമായ ചരക്ക്നീക്കമാണ് കേരളത്തിൽ നടക്കുന്നത്? സംസ്ഥാനത്തിനുള്ളിലെ നാമമാത്രമായ വ്യവസായങ്ങൾക്കുള്ള എന്ത് അസംസ്കൃതവസ്തുവാണ് ഇവിടെ ലഭ്യമായിട്ടുള്ളത്? നമ്മുടെ ചരക്ക് നീക്കത്തിൽ വെറും 4 ശതമാനമാണ് അസംസ്കൃതവസ്തുക്കൾ.അവയിൽ ഏറിയപങ്കും പുറമെനിന്നു വരുന്നവയുമാണ്. ദിവസേന സംസ്ഥാനത്തിനകത്ത് ചലിച്ചുകൊണ്ടിരിക്കുന്ന കേരളത്തിന്റെ സ്വന്തം ഉൽപ്പന്നങ്ങളാകട്ടെ ആകെ ചരക്ക് നീക്കത്തിന്റെ വളരെ പരിമിതമായ അളവാണുതാനും. ചുരുക്കത്തിൽ സംസ്ഥാനത്തിനുള്ളിൽ സിൽവർലൈനിലൂടെ ചരക്ക് നീക്കമെന്നു പറയുന്നത് ഒരു കെട്ടുകഥ മാത്രമാണ്.

കേരളത്തിനുള്ളിലെ വ്യവസായികോൽപ്പാദനം വളരെ പരിമിതമാണെന്നതുകൊണ്ടാണല്ലോ ഉപഭോക്തൃസംസ്ഥാനമെന്ന നിലയിൽ 80 ശതമാനം ഉൽപ്പന്നങ്ങൾക്കുമായി ഇതര സംസ്ഥാനങ്ങളെ നമുക്ക് ആശ്രയിക്കേണ്ടിവരുന്നത്. പുറമെ നിന്ന് കേരളത്തിലേക്ക് 36 പ്രമുഖ ചെക്ക്പോസ്റ്റുകൾ വഴി റോഡ് മാർഗ്ഗം പ്രവേശിക്കുന്ന ചരക്കുകൾ 76 ശതമാനമാണ്. ഇവയിൽ തലപ്പാടി ഒഴികെ 35 പ്രവേശന കവാടങ്ങളും സിൽവർലൈനിൽ നിന്നും അകലെയാണ് ഉള്ളത്. ഇതിൽ തലപ്പാടി വഴി കാസർകോട് എത്തുന്ന ചരക്ക് വാഹനങ്ങൾ സിൽവർലൈൻ ഉപയോഗിക്കുമെന്ന് വാദത്തിനുവേണ്ടി സമ്മതിച്ചാൽ പ്പോലും അത് ആകെ ചരക്ക് നീക്കത്തിന്റെ 4 ശതമാനമേവരൂ. ഗണ്യമായ അളവിലുള്ള വാളയാർ വഴിയുള്ള ചരക്ക് കടത്തിൽ ഏറിയപങ്കും എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം തുടങ്ങിയ സമീപ ജില്ലകളിലേക്കുള്ളതാണെന്നതിനാൽ അവയാകട്ടെ സിൽവർലൈൻ ഉപയോഗിക്കുകയുമില്ല. കേരളത്തിനു പുറത്തുനിന്ന് റോഡ് മാർഗ്ഗം വരുന്ന വാഹനങ്ങൾ, സംസ്ഥാനത്തിനുള്ളിലെ ഹ്രസ്വദൂരം താണ്ടാൻ സിൽവർലൈനിന്റെ സ്റ്റേഷനുകളിൽ നിന്ന് റോ റോ സർവീസിലേക്ക് കയറുമെന്ന് പറയുന്നതിന് ഒരു ശാസ്ത്രീയപഠനത്തിന്റെയും അടിസ്ഥാനമില്ല. സിൽവർ ലൈനിന്റെ സ്റ്റേഷനുകളിലെത്തുന്ന വാഹനങ്ങൾ ദൂരനഗരങ്ങളിലേക്കോ പട്ടണങ്ങളിലേക്കോ എത്തിക്കാൻ വീണ്ടും റോഡ് മാർഗ്ഗത്തെ ആശ്രയിക്കേണ്ടി വരുമ്പോൾ ഉണ്ടാകുന്ന സമയനഷ്ടവും ചരക്കുകൂലിയും പരിഗണിക്കുമ്പോൾ കേരളത്തിനുപുറത്തുനിന്നുവരുന്ന ചരക്ക് വാഹനങ്ങൾ നേരെ ലക്ഷ്യസ്ഥാനത്തേക്ക് നീങ്ങുകയായിരിക്കും ഉത്തമം. സംസ്ഥാനത്തേക്കുള്ള ചരക്ക് നീക്കത്തിന്റെ പ്രത്യേകതകൾ പഠിച്ചാൽ ഇത് ബോധ്യപ്പെടും. നിലവിലുള്ള ചരക്ക് നീക്കത്തിന്റെ 10 ശതമാനം പോലും സിൽവർലൈനിലേക്ക് മാറാൻ സാധ്യതയില്ലാത്തപ്പോഴാണ് ഈ പദ്ധതി കേരളത്തിന്റെ കുതിപ്പിനെ സഹായിക്കുമെന്ന നിലയിൽ പ്രചരിപ്പിക്കുന്നത്. സർക്കാരിന്റെ വാദങ്ങൾ സമർത്ഥിക്കുന്നതിനായി അവതരിപ്പിക്കുന്നത് മുഴുവൻ കള്ളക്കണക്കുകളോ കൃത്രിമ അവകാശവാദങ്ങളോ മാത്രമാണ്.

> **ക്രിമിനൽ മൂലധനത്തിന്റെ വൻനിക്ഷേപങ്ങൾ ജനങ്ങളുടെ ജീവിതത്തിന്റെ അടിസ്ഥാനപ്രശ്നങ്ങൾ പരിഹരിക്കില്ല. ഇടതുപക്ഷമെന്ന പുറംമോടിയുമായി സിപിഐ (എം), സിപിഐ പ്രസ്ഥാനങ്ങൾ ഏറ്റുപാടുന്നത് മുതലാളിത്ത വികസനത്തിന്റെ നിർലജ്ജമായ വായ്ത്താരികളാണ്. മൂലധനനിക്ഷേപമെന്നാൽ വികസനമെന്നാണ് അവർ ഉറച്ചുവിശ്വസിക്കുന്നത്. തങ്ങൾ പറയുന്നത് നഗ്നമായ വലതുരാഷ്ട്രീയമാണെന്ന് തിരിച്ചറിയാൻ പോലുമാവാത്തവിധം അവർ നിപതിച്ചുകഴിഞ്ഞു.**

55 ലക്ഷം കണ്ടെയ്നർ പ്രതിവർഷം കൈകാര്യം ചെയ്യുമെന്ന് പദ്ധതിരേഖയിൽ അവകാശപ്പെട്ട വല്ലാർപാടം പദ്ധതിയിൽ ഇന്ന് വെറും 6.2 ലക്ഷം കണ്ടെയ്നർ നീക്കമാണ് നടക്കുന്നത്. പ്രതീക്ഷിക്കപ്പെട്ടതിന്റെ വെറും 11 ശതമാനം! മൂന്നൂറിലധികം കുടുംബങ്ങളെ കുടിയൊഴിപ്പിച്ച് തെരുവാധാരമാക്കിയ പദ്ധതിയുടെ റെയിൽവേ ലൈനിലൂടെ പ്രതിദിനം ഒരു ചരക്ക് ട്രെയിൻ പോലും ഓടുന്നില്ല. വല്ലാർപാടം പദ്ധതി ദയനീയമായി പരാജയപ്പെട്ടെങ്കിലും ഡിപി വേൾഡ് എന്ന സ്വകാര്യഭീമന് സർക്കാർ തുറമുഖമായ കൊച്ചിൻ പോർട്ട് ദാനമായി നൽകുക എന്ന 'വികസനം' ഉറപ്പാക്കാൻ കഴിഞ്ഞു.

കൊച്ചി നഗരവാസികളുടെ എണ്ണം 6 ലക്ഷമായിരിക്കുമ്പോൾ കൊച്ചി മെട്രോയുടെ ഒന്നാം ഘട്ടത്തിന്റെ ഡിപിആറിൽ പ്രതീക്ഷിക്കപ്പെട്ടിരുന്ന യാത്രക്കാരുടെ എണ്ണം പ്രതിദിനം 4.68 ലക്ഷമായിരുന്നു. ഒന്നാം ഘട്ടം പൂർത്തിയാകാൻ വളരെ കുറച്ചുമാത്രം അവശേഷിക്കെ യാത്രക്കാരുടെ എണ്ണം ശരാശരി 40,000 മാത്രമാണ്. അവകാശപ്പെട്ടതിന്റെ വെറും 9 ശതമാനം മാത്രം! വികസനത്തിന്റെ പേരിൽ എഴുന്നള്ളിക്കുന്ന വിനാശപദ്ധതികൾക്കെതിരെ ഉയരുന്ന ജനരോഷത്തെ നിശബ്ദമാക്കാൻ എല്ലാക്കാലത്തും ഭരണകർത്താക്കൾ ഇത്തരം കണക്കുകൾ പ്രചരിപ്പിക്കാറുണ്ട്. എന്നാൽ പദ്ധതികൾപ്രയോഗത്തിൽവരുമ്പോൾ ഇവയെല്ലാം പച്ചനുണയാണെന്ന് സ്ഥാപിക്കപ്പെടുമെങ്കിലും ഒരു ഭരണാധികാരിയും അതിന്റെപേരിൽ ചോദ്യം ചെയ്യപ്പെടുന്നില്ല. അവർ അടുത്ത പദ്ധതിയെ സംബന്ധിച്ച വ്യാമോഹം പടർത്താൻ നുണപ്രചാരണം തുടങ്ങിക്കഴിഞ്ഞിരിക്കും.

## ആദ്യം തൊഴിൽ തരൂ, എന്നിട്ടാകാം വേഗതയേറിയ സഞ്ചാരം

വ്യവസായമന്ത്രിയുടെ ലേഖനം ചർച്ചചെയ്യുന്ന 'അധ്വാനശക്തിയുടെ വേഗതയേറിയ സഞ്ചാരം' എന്നത് ക്രൂരമായ പരിഹാസം മാത്രമാണ്. സ്വന്തം അധ്വാനശക്തി വിൽക്കാൻ മാർഗ്ഗമൊന്നും കാണാതെ തൊഴിൽ യാചിച്ചു നടക്കുന്ന അഭ്യസ്തവിദ്യരായ ലക്ഷക്കണക്കിന് ചെറുപ്പക്കാരുടെ നാടാണ് കേരളം. തൊഴിലില്ലായ്മയാണ് കേരളത്തിന്റെ ദുർഗ്ഗതി. തൊഴിൽ ലഭിച്ചിട്ട് വേണ്ടേ, തൊഴിലെടുക്കാൻ സഞ്ചരിക്കേണ്ടിവരുന്നത്. തൊഴിലുമില്ല അതിനാൽ സഞ്ചരിക്കേണ്ടതുമില്ല എന്ന ദുർവിധി നേരിടുന്ന നിസ്സഹായരായ മനുഷ്യരുടെ മുഖത്തുനോക്കി നിങ്ങൾക്ക് അതിവേഗം സഞ്ചരിക്കേണ്ടതില്ലേ എന്ന പുണ്ണിൽ കുത്തുന്ന വർത്തമാനം ദയവ്ചെയ്ത് അവസാനിപ്പിക്കണമെന്ന് ഇടതുനേതാക്കന്മാരോട് അഭ്യർത്ഥിക്കുന്നു. ഏതിനം അധ്വാനശക്തിയാണ് കേരളത്തിൽ അതിവേഗപാതയിൽ യാത്രചെയ്യാൻ കാത്തിരിക്കുന്നത്? നിർമ്മാണമേഖലയിലും കച്ചവട -സ്വകാര്യ സ്ഥാപനങ്ങളിലും സേവനരംഗങ്ങളിലും പണിയെടുക്കുന്ന, പാസഞ്ചർ ട്രെയിനുകളിൽ കുത്തിനിറയ്ക്കപ്പെട്ട് ദിനംപ്രതി യാത്രചെയ്യുന്ന പതിനായിരക്കണക്കിന് സാധാരണതൊഴിലാളികളുടെ പ്രതിദിന വരുമാനം, സിൽവർലൈനിലെ അതിവേഗയാത്രയ്ക്ക് ഒരു ദിനം വേണ്ടിവരുന്ന തുകയുടെ നാലിലൊന്നുപോലുമില്ലെന്ന് നേതാക്കന്മാർ അറിഞ്ഞിരിക്കുക. കേരളത്തിന്റെ അധ്വാനശക്തിയുടെ അഞ്ച് ശതമാനംപോലും സിൽവർലൈനിൽ യാത്രചെയ്യാൻ തക്ക സാമ്പത്തികശേഷിയുള്ളവരല്ല എന്നിരിക്കെ, അതിൽ എത്ര പേരാണ് കാസർകോട്ടുനിന്ന് തിരുവനന്തപുരത്തേക്കോ തിരികെയോ യാത്ര ചെയ്യാനുണ്ടാവുക. ശാസ്ത്രീയയുക്തിയുടെ ഒരടിസ്ഥാനവുമില്ലാത്ത അവകാശവാദങ്ങൾ വലിയ സിദ്ധാന്തങ്ങളെന്ന മട്ടിൽ അവതരിപ്പിച്ച്, സ്വന്തം നിലപാടുകളുടെ പാപ്പരത്തം വെളിവാക്കുകയാണ് ഈ നേതാക്കൾ.

## സിൽവർലൈൻ: കോർപ്പറേറ്റ് വികസനത്തിനുവേണ്ടിയുള്ള പദ്ധതി

പർവ്വതീകരിക്കപ്പെടുന്ന കണക്കുകളുടെ സ്ഥിതി ഇതായിരിക്കെ സംസ്ഥാനത്തിന്റെ വ്യവസായ മന്ത്രി അവകാശപ്പെടുന്ന 'അസംസ്കൃതവസ്തുക്കളുടെയും ഉൽപ്പന്നങ്ങളുടെയും അധ്വാനശക്തിയുടെയും വേഗതയേറിയ സഞ്ചാരം വഴി സൃഷ്ടിക്കപ്പെടുന്ന കേരളത്തിന്റെ കുതിപ്പിന്റെ' യഥാർത്ഥ സ്ഥിതി എന്തെന്ന് ഊഹിക്കാം.

പദ്ധതി അടിച്ചേൽപ്പിക്കുന്നതിനായി കണക്കുകളും പ്രതീക്ഷകളും അവതരിപ്പിക്കുന്നവരാരും പദ്ധതിയുടെ പരാജയം ഏറ്റെടുക്കാൻ ഉണ്ടാവില്ല. പദ്ധതി സൃഷ്ടിക്കുന്ന സാമ്പത്തികബാധ്യത സാധാരണക്കാരായ ജനലക്ഷങ്ങളുടെ നട്ടെല്ലൊടിക്കുമ്പോഴും അതിന്റെ ഉത്തരവാദിത്തം ചുമക്കാൻ ലേഖനമെഴുത്തുകാർ ആരുമുണ്ടാവില്ല. രാഷ്ട്രീയ നേതൃത്വത്തിന് ഒരു ലക്ഷ്യമേയുള്ളൂ. തങ്ങൾ പ്രതിനിധാനം ചെയ്യുന്ന ധനികവർഗ്ഗത്തിന്റെ ലാഭവേട്ടക്കായി സുഗമമായ മാർഗ്ഗങ്ങൾ നിർമ്മിക്കുക അത്ര മാത്രം. ദേശീയപാതാ വികസനത്തിന്റെ മുമ്പിലെ വിഘ്നങ്ങൾ നീക്കിയവരെന്നു നാണമില്ലാതെ സാക്ഷ്യപ്പെടുത്തുന്ന ഇടതുകൂട്ടർ, ഈ വികസനം ഭീമമായ ചുങ്കപ്പിരിവിന് വഴി തുറക്കുകയാണെന്ന യാഥാർത്ഥ്യം മറച്ചുവയ്ക്കുന്നു. റോഡ് ഉൾപ്പടെയുള്ള എല്ലാ മേഖലകളും തീറെഴുതി, വൻമൂലധനനിക്ഷേപത്തിന് കണക്കറ്റ സാധ്യത വളർത്തുന്നതിനെയാണ് വികസനം എന്നു വിളിക്കുന്നത്.

ക്രിമിനൽ മൂലധനത്തിന്റെ വൻനിക്ഷേപങ്ങൾ ജനങ്ങളുടെ ജീവിതത്തിന്റെ അടിസ്ഥാനപ്രശ്നങ്ങൾ പരിഹരിച്ചതിന്റെ ഒരു ദൃഷ്ടാന്തമെങ്കിലും സിപിഐ(എം)ന് കാട്ടാൻ കഴിയുമോ? മറിച്ച് നാം കാണുന്നത് മുതലാളിത്ത ചൂഷണത്താൽ ചോരവാർന്നൊഴുകുന്ന വർത്തമാനലോകത്തിന്റെ ഭീതിദമായ ദൃശ്യമാണ്. ഇടതെന്ന് മേനി നടിച്ച് മുതലാളിത്ത വികസനത്തിന്റെ നിർലജ്ജമായ വായ്ത്താരികൾ ഒരു ഉളിപ്പുമില്ലാതെ സിപിഐ(എം), സിപിഐ പ്രസ്ഥാനങ്ങൾ ഏറ്റുപാടുന്നു. മൂലധനനിക്ഷേപമെന്നാൽ വികസനമെന്നാണ് അവർ ഉറച്ചുവിശ്വസിക്കുന്നത്. തങ്ങൾ പറയുന്നത് നഗ്നമായ വലതുരാഷ്ട്രീയമാണെന്ന് തിരിച്ചറിയാൻ പോലുമാവാത്തവിധം അവർ നിപതിച്ചുകഴിഞ്ഞു.

മുതലാളിത്തവികസനത്തിനുവേണ്ടി അവർ ഇത്രയും ഘോരമായി നിലകൊള്ളുന്നത് അതിനാലാണ്. സാധാരണകൃഷിക്കാർക്കുനേരെ നിറയൊഴിച്ചും നന്ദിഗ്രാമിലും സിംഗൂരിലും മുതലാളിത്ത വികസനത്തിന്റെ ഈ നയം നടപ്പാക്കാനാണ് അവർ പരിശ്രമിച്ചത്. ഇടതുരാഷ്ട്രീയത്തിന്റെ വിശകലനശേഷി പേരിനെങ്കിലും ഇല്ലാതായിരിക്കുന്നു എന്നതിനാലാണ്, നന്ദിഗ്രാമിൽ നിന്നും ഒരു പാഠവും ഉൾക്കൊള്ളാൻ അവർക്കുകഴിയാതെ പോകുന്നത്. ■

# ക്രിപ്റ്റോകറൻസി – ഡിജിറ്റൽ കൊള്ള: ഒരു വിശദീകരണം

രാഷ്ട്രീയസമ്പദ്ശാസ്ത്ര വിദ്യാർത്ഥികൾക്കറിയാവുന്നതു പോലെ, യഥാർത്ഥ നേതാക്കൾ മറഞ്ഞിരിക്കുന്ന, അല്ലെങ്കിൽ അറിയപ്പെടാതിരിക്കുന്ന ഒരു ഗവണ്മെന്റിന്റെ രൂപമാണ് ക്രിപ്റ്റോ കറൻസി. ഈ സൂചനകളെടുത്തും ഡിജിറ്റൽ സാങ്കേതികവിദ്യയുടെമുന്നേറ്റത്തെ ഉപയോഗപ്പെടുത്തിയും വ്യവസായ, വാണിജ്യ, ഓഹരിക്കമ്പോള രംഗങ്ങളിലെ വമ്പന്മാരും അധോലോക വില്ലന്മാരുമുൾപ്പെടെയുള്ള, സംശയിക്കേണ്ടുന്ന പണമിടപാടുകാരുടെ 'വിളഞ്ഞ' ബുദ്ധി, സർക്കാരിന്റെയും കേന്ദ്ര ഏജൻസികളുടെയും നിയന്ത്രണങ്ങൾക്കു വെളിയിൽ നിലനില്ക്കുന്ന പുതിയൊരു സാമ്പത്തിക ക്രയവിക്രയ രീതി കണ്ടെത്തിയിരിക്കുകയാണ്. അതാണ് ചുരുക്കത്തിൽ ക്രിപ്റ്റോ കറൻസി. അസംഖ്യം കമ്പ്യൂട്ടറുകളിൽ വിന്യസിക്കപ്പെട്ടിരിക്കുന്ന ഒരു ശൃംഖലയെ അടിസ്ഥാനമാക്കിയ ഡിജിറ്റൽ സ്വത്താണ് ക്രിപ്റ്റോകറൻസി. ഇടപാടുകൾ പിടിക്കപ്പെടാതിരിക്കാൻ അതിന്റെ വികേന്ദ്രീകൃത ഘടന സഹായിക്കുന്നു.

കള്ളപ്പണമെന്നാൽകണക്കിൽ കൊള്ളിക്കാത്തപണമാണ്അഥവാ നികുതി കൊടുക്കാത്ത, വെളിപ്പെടുത്താത്ത പണമാണ്. അതു പേപ്പർ കറൻസിയായോ പേരുവെളിപ്പെടുത്താത്ത ബാങ്ക് അക്കൗണ്ടുകളിലോകൈമാറ്റത്തിലൂടെയോ വില്പനയിലൂടെയോ ഉടൻ പണമാക്കിയെടുക്കാൻ പറ്റുന്ന ആസ്തികളായോആണുസൂക്ഷിക്കപ്പെടുന്നത്. അങ്ങേയറ്റം അഴിമതിഗ്രസ്ഥമായ നിലവിലുള്ള മുതലാളിത്ത വ്യവസ്ഥയിലെ അന്വേഷണ ഏജൻസികളും വിജിലൻസ് സംവിധാനങ്ങളും, മനഃസാക്ഷിയില്ലാത്ത വമ്പൻ വ്യവസായികളും ബിസിനസ്സുകാരും ബ്യൂറോക്രാറ്റുകളും ഭരണ നിർവ്വഹണ തലത്തിലെ ഉന്നതരും പ്രൊഫഷണലുകളും ബൂർഷ്വാ രാഷ്ട്രീയ നേതാക്കളും, കള്ളക്കടത്തുകാരുമൊക്കെ സമാഹരിച്ചിരിക്കുന്ന ഭീമമായ കള്ളപ്പണത്തോട് ഉദാസീന സമീപനം പുലർത്തുകയോ പങ്കാളിത്തമുള്ള കാഴ്ചക്കാരായി നിലകൊള്ളുകയോ ചെയ്യുന്നു. കള്ളപ്പണമെന്നത്'കണ്ടുപിടിക്കാൻ പറ്റാത്ത'തല്ലെങ്കിലും ഈ വ്യവസ്ഥിതി അതിനെ പ്രോൽസാഹിപ്പിക്കുന്നു.

ഡിജിറ്റൽ സാമ്പത്തിക ക്രയവിക്രയം എന്ന വിളിക്കപ്പെടുന്ന, ഇന്റർനെറ്റ് ബാങ്കിങ്ങും ഡെബിറ്റ് കാർഡ്, ക്രെഡിറ്റ് കാർഡ് വഴിയുള്ള പണമിടപാടുകളും ഈ വ്യവസ്ഥയിൽ സാധുതയുള്ളവയാണ്. നേരേമറിച്ച് പുതുതായി കണ്ടുപിടിക്കപ്പെട്ടിരിക്കുന്ന ക്രിപ്റ്റോ കറൻസി ഈ വ്യവസ്ഥയ്ക്കു വെളിയിൽ ഡിജിറ്റലായി ബന്ധിക്കപ്പെട്ടിരിക്കുന്ന ഘടകങ്ങളിലാണ പ്രവർത്തിക്കുന്നത്.

### ക്രിപ്റ്റോകറൻസി എങ്ങനെയാണു പ്രവർത്തിക്കുന്നത് ?

കമ്പ്യൂട്ടറുകൾക്കുള്ളിലെ ലഡ്ജർ രേഖപ്പെടുത്തലുകളായി പ്രതിനിധാനം ചെയ്യപ്പെടുന്ന കല്പിതമായ (virtual) ടോക്കണുകളുടെ രൂപത്തിലുള്ള ഓൺലൈൻ പണമൊടുക്കൽരീതിക്രിപ്റ്റോകറൻസി വഴി സാധ്യമാകുന്നു. എലിപ്റ്റിക്കൽ കർവ് എൻക്രിപ്ഷൻ, പബ്ലിക്പ്രൈവറ്റ്കീപെയേഴ്സ്,ഹാഷിംഗ് ഫംഗ്ഷൻ തുടങ്ങി സന്ദേശങ്ങളെ സുരക്ഷിതമാക്കാനുള്ള വിവിധ ഗോപ്യഭാഷാ സൂത്രങ്ങളെയാണ് (encryption algorithms ) 'ക്രിപ്റ്റോ' എന്നതുകൊണ്ട് സൂചിപ്പിക്കുന്നത്. കോയിൻ ബേസ്, കാഷ് ആപ്പ് തുടങ്ങിയ ക്രിപ്റ്റോ കൈമാറ്റത്തിലൂടെ ഏതൊരു നിക്ഷേപകനും ക്രിപ്റ്റോകറൻസി വാങ്ങാവുന്നതാണ്. ക്രിപ്റ്റോ ഇടപാടുകളുടെ ഡാറ്റയുടെ സമഗ്രത ഉറപ്പാക്കുന്ന സംഘാടന രീതികളായ ബ്ലോക്ക് ചെയിനുകൾ പല ക്രിപ്റ്റോ കറൻസികളുടേയും ഒഴിവാക്കാനാകാത്ത ഘടകങ്ങളാണ്. ഒരു സർവ്വറോ കേന്ദ്രാധികാര സംവിധാനമോ ഇല്ലാത്തവിധം സമ്പൂർണ്ണമായും വികേന്ദ്രിതമാണ് ഇത്.

ഭാവിയിലെ ഇടപാടുകൾ സാധുതയുള്ളവയാണോ എന്നും ഇരട്ട വ്യയം വരുത്താനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ടോ എന്നും പരിശോധിക്കുന്നതിനായി ക്രിപ്റ്റോ കറൻസി ഉപയോഗിക്കാനാഗ്രഹിക്കുന്ന ഏതൊരു ഘടനയ്ക്കും എല്ലാ ഇടപാടുകളുടേയും ലിസ്റ്റ് ആവശ്യമാണ്. ക്രിപ്റ്റോ കറൻസിയുടെ വികേന്ദ്രിത സ്വഭാവം സൈദ്ധാന്തികമായി അവയെ സർക്കാരുകളുടെ നിരീക്ഷണത്തിനും ഇടപെടലിനും നിയന്ത്രണത്തിനുമുള്ള പതിവു നടപടിക്രമങ്ങളിൽനിന്ന് രക്ഷിക്കുന്നു. പരമ്പരാഗത നാണയങ്ങളെപ്പോലെ ക്രിപ്റ്റോകറൻസിയും അതിന്റെ ഏകകങ്ങളിലൂടെയാണ് മൂല്യം വെളിപ്പെടുത്തുന്നത്. ഉദാഹരണത്തിന് "എന്റെ കൈയ്യിൽ 2.50 രൂപയുണ്ട്" എന്നൊരാൾ പറയുന്നതു പോലെ "എന്റെ കൈയ്യിൽ 2.50 ബിറ്റ്കോയിനുണ്ട് " എന്നും പറയാം. മിക്ക ക്രിപ്റ്റോ കറൻസികളും ദേശീയസർക്കാരുകളുടെ നിയന്ത്രണങ്ങൾക്കുള്ളിൽ വരാത്തതായതിനാൽ അവ രാജ്യത്തിന്റെ ധനനയത്തിനു വെളിയിലുള്ള ബദൽ നാണയ- മാധ്യമങ്ങളോ സാമ്പത്തിക ഇടപാടുകളോ ആയി പരിഗണിക്കപ്പെടുന്നു. ക്രിപ്റ്റോ കറൻസിയുടെ ഉടമസ്ഥത ഗോപ്യഭാഷ (cryptography)യിലൂടെ മാത്രം തെളിയിക്കപ്പെടുന്നതാണ്.

ക്രിപ്റ്റോകറൻസിയുടെ ഉടമസ്ഥത മാറ്റുന്ന തരത്തിൽ ഇടപാടുകൾ നടത്താൻ കമ്പ്യൂട്ടർ സിസ്റ്റം സഹായിക്കുന്നു. തങ്ങളുടെ രാഷ്ട്രീയമായ സ്വാതന്ത്ര്യവും ഡാറ്റയുടെ തകർക്കാനാകാത്ത സുരക്ഷിതത്വവുംമൂലം ക്രിപ്റ്റോകറൻസി ഉപയോഗിക്കുന്നവർക്ക് ഇന്ത്യൻ രൂപയോ യുഎസ്ഡോളറോ പോലുള്ള പരമ്പരാഗതനാണയങ്ങൾ ഉപയോഗിക്കുന്നവർക്കും അവ നിലനിർത്തുന്ന സമ്പദ് വ്യവസ്ഥയ്ക്കുമുള്ളതിനേക്കാൾ ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ട്. ബിറ്റ്കോയിനാണ് ആദ്യത്തെ ക്രിപ്റ്റോ കറൻസി. അതേത്തുടർന്ന് എതേറിയം, ലൈറ്റ്കോയിൻ, കാർഡാനോ തുടങ്ങിയവയും വന്നു. ഡിജിറ്റലായ ആദ്യത്തെ ബദൽ നാണയം വരുന്നതിനു മുമ്പുതന്നെ ക്രിപ്റ്റോകറൻസി ഒരു സൈദ്ധാന്തിക നിർമ്മിതിയായി നിലനിന്നിരുവെന്ന് ഓർക്കേണ്ടതാണ്. അമേരിക്കൻ ഗോപ്യഭാഷാ വിദഗ്ധനായ (cryptographer) ഡേവിഡ് ഷോം, വെബ് അധിഷ്ഠിതമായ ആധുനിക രഹസ്യ കോഡിംഗ് രീതിയുടെ (encryption) കേന്ദ്ര ആശയമായ 'മറയ്ക്കാനുള്ള' കോഡിംഗ് സൂത്രങ്ങൾ (blinding algorithm) കണ്ടെത്തിയ 1980 കളുടെ ആദ്യകാലത്താണ് ക്രിപ്റ്റോകറൻസിയുടെ സാങ്കേതികാടിസ്ഥാനം രൂപം കൊള്ളുന്നത്. എന്നിരുന്നാലും ക്രിപ്റ്റോ കറൻസികൾ 2009-ലാണ് തുടങ്ങുന്നത്.

### എവിടെയാണു ക്രിപ്റ്റോ കറൻസി ഉപയോഗിക്കുന്നത്?

ക്രിപ്റ്റോ കറൻസി ഇടപാടുകളുടെ അജ്ഞാത സ്വഭാവം ഒരു പാടു നിയമവിരുദ്ധ പ്രവർത്തനങ്ങൾക്കിണങ്ങുന്നതാണ്.എന്നാൽ, അടിച്ചമർത്തൽ സ്വഭാവമുള്ള സർക്കാരുകൾക്കു കീഴിൽ പ്രവർത്തിക്കുന്ന പ്രക്ഷോഭകരുടേയും സർക്കാരിന്റെ ജനവിരുദ്ധത വെളിച്ചത്തു കൊണ്ടുവരുന്നവരുടേയും സ്വകാര്യതയ്ക്കു സമാനമായ സംരക്ഷണം ചൂണ്ടിക്കാട്ടി ക്രിപ്റ്റോ കറൻസിയുടെ വക്താക്കൾ അതിന്റെ അജ്ഞാത സ്വഭാവത്തെ പിന്തുണയ്ക്കുന്നു. ഇത്തരം വഞ്ചനാത്മകമായ വക്കാലത്തുകളുണ്ടെങ്കിൽക്കൂടി, വ്യക്തമായ കാരണങ്ങളാൽ കള്ളക്കടത്തുകാർ, കള്ളക്കച്ചവടക്കാർ, കള്ളപ്പണമിടപാടുകാർ, നികുതി വെട്ടിപ്പുകാർ, അതിർത്തി കടന്നു നിയമവിരുദ്ധ ചരക്കുകളുടെ വ്യാപാരം നടത്തുന്നവർ തുടങ്ങിയവരാണിതുപയോഗിക്കുന്നത്. അത്തരമിടപാടുകൾക്ക് ഈ അജ്ഞാത സ്വഭാവം പ്രധാനമാണ്. 24 ദശലക്ഷം വരുന്ന ബിറ്റ്കോയിൻ മാർക്കറ്റ് ഉപയോക്താക്കൾ നിയമവിരുദ്ധ പ്രവർത്തനങ്ങൾക്കു ക്രിപ്റ്റോകറൻസി ഉപയോഗിക്കുന്നതായി കണക്കാക്കിയിരിക്കുന്നു.ഈ ഉപയോക്താക്കൾ വർഷത്തിൽ 72ബില്യൺഡോളർ മൂല്യം വരുന്ന 26 ദശലക്ഷം ഇടപാടുകൾ നടത്തുന്നതായും ആകമാനം 8 ബില്യൻ ഡോളർ മൂല്യമുള്ള ബിറ്റ് കോയിൻ കൈവശം വക്കുന്നുവെന്നും ഒരു റിപ്പോർട്ടു പറയുന്നു. കഴിഞ്ഞ രണ്ടു വർഷങ്ങളിൽക്രിപ്റ്റോകറൻസിയിലുള്ള മൊത്തം നിക്ഷേപം ഏതാണ്ട് 93 ബില്യൺ ഡോളറിന്റേതാണെന്നും മറ്റൊരു മാധ്യമ റിപ്പോർട്ടു പറയുന്നു. 2017 മുതൽ 2021വരെ ക്രിപ്റ്റോകറൻസിയുടെ മൂല്യം 6100% അഥവാ 61 ഇരട്ടി വർദ്ധിച്ചിട്ടുണ്ട്. ഇക്കാലയളവിൽ യു.എസിൽ സ്ഥാവരസ്വത്തുക്കളുടെ മൂല്യത്തിലുള്ള വർദ്ധന കേവലം 22% മാത്രമാണ്. തങ്ങളുടെ കൈയ്യിലുള്ള പണം ചുരുങ്ങിയ സമയത്തിനുള്ളിൽ പലമടങ്ങായി വർദ്ധിപ്പിക്കുവാനുള്ള മാർഗ്ഗമന്വേഷിച്ചു കൊണ്ടിരിക്കുന്ന അതിസമ്പന്നരായ നിക്ഷേപകരിലെ ഒരു വലിയൊരു ഭാഗം ക്രിപ്റ്റോ കറൻസിയെ അതിനായി തിരഞ്ഞെടുത്തിരിക്കുന്നു. ക്രിപ്റ്റോ കറൻസിയുടെ വിപണിമൂല്യം അതിന്റെ നിയമവിരുദ്ധതയുടെ മുഖ്യംശവുമായി ബന്ധപ്പെട്ടിരിക്കുന്നതിനാൽ അതിലോ മറ്റേതെങ്കിലും അജ്ഞാതമായ ക്രിപ്റ്റോകറൻസിയിലോ നിക്ഷേപിക്കുന്നതിലെ ധാർമ്മികതയുടെമേൽ വലിയ ചോദ്യമുയരുന്നു.

### ആധുനിക സാങ്കേതിക വിദ്യയുടെ ദുരുപയോഗം

ആധുനിക ശാസ്ത്രത്തിലെ വിഗ്രഹഭഞ്ജകമായ ചില കണ്ടുപിടുത്തങ്ങൾ ആറ്റംബോംബും മറ്റ് ആണവായുധങ്ങളും പോലുള്ള സർവ്വനാശകാരികളായ ആയുധങ്ങൾ നിർമ്മിക്കാനായി അധാർമ്മികമായി ഉപയോഗിക്കപ്പെട്ടതുപോലെ, നിയമവിരുദ്ധ പ്രവർത്തനങ്ങളിലൂടെ നേട്ടങ്ങളുണ്ടാക്കുന്നതിനായി സാങ്കേതിക വിദ്യയിലെ മുന്നേറ്റം ദുരുപയോഗം ചെയ്യപ്പെടുന്നതിന്റെ തിളങ്ങുന്ന ഉദാഹരണമാണ് ക്രിപ്റ്റോകറൻസി. ഉദാഹരണത്തിന്, ആണവശക്തിയുടെ കണ്ടുപിടുത്തം മഹത്തായ ഒരു ശാസ്ത്രീയ നേട്ടമാണെന്നും മനുഷ്യസമൂഹത്തിന്റെ വികാസത്തിനും മുന്നേറ്റത്തിനുമായി ഉപയോഗിക്കപ്പെടേണ്ടതാണെന്നുമുള്ള കാര്യത്തിൽ എതിരഭിപ്രായമില്ല. എന്നാലതിനു പകരം ലോകത്തിനുമേൽ കൂട്ടക്കുരുതിയും സംഹാരവും സർവ്വനാശവും അഴിച്ചുവിട്ടു കൊണ്ട് അപരിമേയമായ ആണവ ശക്തിയെ ദുരുപയോഗം ചെയ്തതു യുഎസ് സാമ്രാജ്യത്വമാണ് എന്ന നമുക്കറിയാം. വിവര സാങ്കേതിക മേഖലയിലാകട്ടെ, മറ്റുപയോക്താക്കളുടെ പ്രൊഫൈലിൽ നുഴഞ്ഞുകയറുകയും അവരുടെ ഇന്റർനെറ്റ് അക്കൗണ്ടിൽ വ്യാജ ഉള്ളടക്കങ്ങൾ സ്ഥാപിക്കുകയും ചെയ്യുന്ന ഹാക്കിംഗ് ഇന്നു സർവ്വസാധാരണമായിരിക്കുന്നു. വൻ തോതിലുള്ള സൈബർ ആക്രമണങ്ങളുടെ എണ്ണവും ചെറുതല്ല.

തിരഞ്ഞെടുക്കപ്പെട്ട ആളുകളുടെ കമ്പ്യൂട്ടറുകളും സ്മാർട്ട് ഫോണുകളും ഹാക്ക് ചെയ്ത് അവരുടെ സ്വകാര്യതയിലേക്കു നുഴഞ്ഞുകയറാനും അവരുടെ നീക്കങ്ങളും ആശയവിനിമയങ്ങളും ചോർത്തിയെടുക്കാനും പെഗസസ് പോലുള്ള സ്പൈവെയറുകൾ ഉപയോഗിക്കുന്ന എന്ന ഒടുവിലത്തെ വെളിപ്പെടുത്തലുകളും ഇതു തന്നെ തെളിയിക്കുന്നു. ലക്ഷ്യം വയ്ക്കപ്പെട്ട ചില വ്യക്തികളുടേയും സംഘടനകളുടേയും മേൽ നിരീക്ഷണം നടത്തുന്നതിനും അവരുടെ കമ്പ്യൂട്ടറുകളിലും സ്മാർട്ട് ഫോണുകളിലും വ്യാജ ഇ-മെയിൽ സന്ദേശങ്ങൾ സ്ഥാപിച്ച് അവരുടെമേൽ കുറ്റാരോപണം നടത്തുന്നതിനുമുള്ള ഉപകരണമെന്ന നിലയിൽ, ഒരു ഇസ്രായേൽ കമ്പനി സൃഷ്ടിച്ച സ്പൈവെയർ സർക്കാരുകൾക്കു മാത്രമാണു വില്പന നടത്തിയതെന്ന കാര്യവും നാം ശ്രദ്ധിക്കേണ്ടതാണ്. എതിരാളികളുടെയും വിയോജിക്കുന്നവരുടെയും ഓരോ

(ശേഷം 7–ാം പേജിൽ)




ഫ്രാങ്കോ മുളയ്ക്കലിനെ വെറുതെ വിട്ട കോടതി വിധിയിൽ പ്രതിഷേധിച്ച് എഐഎംഎസ്എസ് സെക്രട്ടേറിയറ്റിന്റെ മുമ്പിൽ സംഘടിപ്പിച്ച ധർണ എഐഎംഎസ്എസ് അഖിലേന്ത്യ വൈസ് പ്രസിഡന്റ് ഷൈല കെ. ജോൺ ഉദ്ഘാടനം ചെയ്തു. എസ്.മിനി, എ.സബ്ന എന്നിവർ പ്രസംഗിച്ചു. കോട്ടയത്തുനടന്ന പ്രതിഷേധ പരിപാടി എഐഡിഎസ്ഒ സംസ്ഥാന വൈസ് പ്രസിഡന്റ് ഡോ.എസ്.അലീന ഉദ്ഘാടനം ചെയ്തു. ആശാരാജ്, എഐഡിവൈഒ സംസ്ഥാന പ്രസിഡന്റ് ഇ.വി. പ്രകാശ്, കെ.എസ് ചെല്ലമ്മ എന്നിവർ പ്രസംഗിച്ചു. പാലക്കാട് നടന്ന പരിപാടി എഐഎംഎസ്എസ് സംസ്ഥാന സെക്രട്ടറി കെ.എം. ബീവി ഉദ്ഘാടനം ചെയ്തു. തിരുവല്ലയിൽ നടന്ന പ്രതിഷേധ പരിപാടിയിൽ എസ്.രാധാമണി, ശരണ്യ രാജ് എന്നിവർ പ്രസംഗിച്ചു.

# അന്വേഷണ ഏജൻസികളുടെ നിയന്ത്രണങ്ങൾക്ക് പുറത്തുള്ള പുതിയ സാമ്പത്തിക ക്രയവിക്രയരീതി

(6-ാം പേജിൽ നിന്ന്)

നീക്കവും അറിയാനും സൂക്ഷിക്കുന്നതിനും പങ്കുവക്കുന്നതിനുമായി ഇന്ത്യാഗവണ്മെന്റും ഈ സ്പൈവെയർ വാങ്ങിയതായി ആരോപിക്കപ്പെട്ടിട്ടുണ്ട്. നിയമപരമായ സാമ്പത്തിക ഇടപാടുകളെ നിരീക്ഷിക്കുന്ന സംവിധാനങ്ങളിൽ നിന്നു ഗൂഢമായി രക്ഷപ്പെടുകയും അതുവഴി വ്യവസ്ഥയെ വികലമാക്കുകയും ചെയ്തു കൊണ്ട്, രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥയ്ക്കു ക്ഷതമേല്പിക്കാൻ ശ്രമിക്കുന്നതിനാൽ ക്രിപ്റ്റോ കറൻസിയും പതുങ്ങിയിരുന്ന് ഉപദ്രവമേൽപിക്കുന്ന ഒന്നാണ്. 'സാമൂഹികമായി ഉപകാരപ്രദമായ കർത്തവ്യ'മൊന്നുമില്ലാത്തതിനാൽ ഡിജിറ്റൽ കറൻസി നിയമവിരുദ്ധമായ ഒന്നാണെന്ന് നോബൽ സമ്മാന ജേതാവായ സാമ്പത്തിക ശാസ്ത്രജ്ഞൻ ജോസഫ് സ്റ്റിഗ്ലിസ് നിരീക്ഷിച്ചിട്ടുണ്ട്. " കൃത്രിമത്തിനുള്ള സാധ്യതയും നോട്ടപ്പിഴയുടെ അഭാവവും കൊണ്ടുമാത്രമാണ് ബിറ്റ്കോയിൻ വിജയിക്കുന്നത്, " അദ്ദേഹം കൂട്ടിച്ചേർക്കുന്നു. "ഉയർന്നു വരികയും പിന്നെ താണുപോകുകയും ചെയ്യുന്നതിനാൽ കുറേപ്പേർക്ക് ആവേശകരമായ കുറേ സമയം കൊടുക്കുന്ന ഒരു കുമിളയാണിത്" എന്നും അദ്ദേഹം നിരീക്ഷിക്കുന്നു.

## മരിച്ചു കൊണ്ടിരിക്കുന്ന മുതലാളിത്തം ക്രിപ്റ്റോ കറൻസിയെ പ്രോൽസാഹിപ്പിക്കുന്നു

എന്നിട്ടും, ക്രിപ്റ്റോകറൻസി പല സാമ്രാജ്യത്വ- മുതലാളിത്ത രാജ്യങ്ങളിലും ഔദ്യോഗികാംഗീകാരം നേടിയെടുത്തിരിക്കുന്നു. സമാനമായ മൂല്യത്തിൽ, യഥാർത്ഥ നാണയത്തിലേക്കു മാറ്റിയെടുക്കാവുന്ന, അഥവാ യഥാർത്ഥ നാണയത്തിനു പകരമായുപയോഗിക്കാവുന്ന നാണയമാണ് ക്രിപ്റ്റോകറൻസി എന്നു നിർവ്വചിച്ച യു.എസ് ട്രഷറി വകുപ്പ് 2013 മുതൽ ബിറ്റ് കോയിനെ സംബന്ധിക്കുന്ന മാർഗ്ഗരേഖകൾ പുറപ്പെടുവിക്കുന്നുണ്ട്. യൂറോപ്യൻ യൂണിയൻ ബിറ്റ്കോയിനേയും മറ്റു ക്രിപ്റ്റോ കറൻസികളേയും ക്രിപ്റ്റോ സ്വത്തായി അംഗീകരിക്കുന്നു. യൂറോപ്യൻ യൂണിയനകത്ത് ബിറ്റ്കോയിൻ ഉപയോഗം നിയമവിരുദ്ധമല്ല. ജപ്പാനിലും ആസ്ട്രേലിയയിലും സ്ഥിതിയിതാണ്.

ഏതാനും വമ്പൻ വികസിത സാമ്രാജ്യത്വ- മുതലാളിത്ത രാഷ്ട്രങ്ങളിൽ ബിറ്റ് കോയിൻ സ്വീകരിക്കപ്പെടുമ്പോൾ അനവധി അവികസിത രാജ്യങ്ങളിൽ അതിന്റെ വികേന്ദ്രിത സ്വഭാവവും അസ്ഥിരതയും സംശയത്തോടെ വീക്ഷിക്കപ്പെടുന്നു. നിയമവിരുദ്ധ പ്രവർത്തനങ്ങളെ സഹായിക്കുന്നതിനായി ഉപയോഗിക്കുന്നതിൽ ഉത്ക്കണ്ഠപ്പെടുന്നതോടൊപ്പം തങ്ങളുടെ സമ്പദ് വ്യവസ്ഥയ്ക്കു ഭീഷണിയാണതെന്നും ചില രാജ്യങ്ങൾ കരുതുന്നുണ്ട്. കുറേ രാജ്യങ്ങൾ ഡിജിറ്റൽ നാണയത്തെ അപ്പാടെ നിരോധിച്ചിട്ടുണ്ട്. മറ്റു ചിലവ വ്യാപാരത്തിനും ഉപയോഗത്തിനുമുള്ള ബാങ്കിംഗ്, സമ്പത്തിക വ്യവസ്ഥകളുടെ പിന്തുണ നിർത്തലാക്കാൻ ശ്രമിക്കുകയും ചെയ്തിട്ടുണ്ട്.

എന്തിനാണത്? സർക്കാരുകളുടേയും കേന്ദ്ര അധികാര സ്ഥാപനങ്ങളുടേയും നിയന്ത്രണങ്ങൾക്കു പുറത്തു നിലകൊള്ളുന്ന, പ്രത്യക്ഷത്തിൽത്തന്നെ സൂക്ഷ്മമായി സംരക്ഷിക്കപ്പെടുന്ന, ഒളിഞ്ഞ ഈ സമാന്തര സാമ്പത്തിക ഇടപാടുകൾ അംഗീകൃതമായ ഇടപാടുകളായി ഈ വമ്പൻ രാജ്യങ്ങൾ അംഗീകരിക്കുന്നതെന്തിനാണ്? കാരണം, മുതലാളിത്തം അതിന്റെ ജീർണ്ണവും മരണോന്മുഖവുമായ അവസ്ഥയിൽ പിന്തിരിപ്പൻ സ്വഭാവവും അമിതാധികാര പ്രവണതയും പ്രദർശിപ്പിക്കുക മാത്രമല്ല, മറിച്ച് സാമ്പത്തിക രംഗത്ത് എല്ലാത്തരം നിയമവിരുദ്ധ , ക്രമവിരുദ്ധ പ്രവർത്തനങ്ങളേയും കുറ്റകൃത്യങ്ങളേപ്പോലും സംരക്ഷിക്കുന്ന ഒന്നായി മാറുകയും ചെയ്തിരിക്കുന്നു

അതുകൊണ്ട്, ജനങ്ങളെ പരമാവധി ചൂഷണം ചെയ്തുകൊണ്ട് പരമാവധി ലാഭം നേടിയെടുക്കുക എന്ന ലക്ഷ്യം നേടാൻ ഒന്നിനു പുറകേ ഒന്നായി നയങ്ങളാവിഷ്ക്കരിക്കുമ്പോൾത്തന്നെ ഭരണ കുത്തകകളും ബഹുരാഷ്ട്ര കമ്പനികളും തങ്ങളുടെ ദാസ്യത്തിലുള്ള സർക്കാരുകളോട് ജനവിരുദ്ധ സാമ്പത്തിക, ധനനയങ്ങൾ ആവിഷ്ക്കരിക്കാൻആജ്ഞാപിക്കുകയുംതങ്ങൾക്കും ആശ്രിതർക്കും പണം കൊയ്തെടുക്കാനുള്ള പുത്തൻ മേഖലകൾ തേടുകയും ചെയ്യുന്നു. ബൂർഷ്വാ സാമ്പത്തിക ചിന്തകർ മുൻകാലത്തു നിർദ്ദേശിച്ച സാമ്പത്തിക ചിട്ടകളും രീതികളും വികലമാക്കുന്നതിൽ അവർ യാതൊരു വൈഷമ്യവും കാണിക്കാതിരിക്കുകയും ജനതാല്പര്യത്തെ ബലി കൊടുത്തു കൊണ്ട് ഏതു ഹീനമാർഗ്ഗവും സ്വീകരിക്കുകയും ചെയ്യുന്നു. ക്രിപ്റ്റോ കറൻസിക്കു സാധുത നൽകുന്നത് ഇതിനു തെളിവാണ്.

## ബിജെപി നേതൃത്വത്തിലുള്ള ഇന്ത്യാ സർക്കാരിന്റെ ഇരട്ടത്താപ്പ്

ഇന്ത്യൻ ഭരണ കുത്തകകളെയും ബിജെപി നേതൃത്വത്തിലുള്ള ഇപ്പോഴത്തെ സർക്കാരിനെപ്പോലുള്ള അവരുടെ സംരക്ഷകരെയും സംബന്ധിച്ച് ഇതു ശരിയാണ്. ആദ്യകാലത്ത് ജനങ്ങളെ കബളിപ്പിക്കുന്നതിനായി ക്രിപ്റ്റോ ഇടപാടുകൾ നിരോധിക്കുമെന്നു ബി.ജെ.പി സർക്കാർ വീമ്പു പറഞ്ഞിരുന്നു. കേന്ദ്ര ധനമന്ത്രിയായിരുന്ന പരേതനായ അരുൺ ജയ്റ്റ്ലി ക്രിപ്റ്റോകറൻസിയെ നിയമസാധുതയുള്ള നാണയമായി അംഗീകരിക്കില്ല എന്ന് 2017 ഡിസംബറിൽ പറഞ്ഞിരുന്നു (Money Control 01.12.17). ബിറ്റ്കോയിനുമായി ഇടപെടുന്നതിലെ അപകടസാദ്ധ്യതയെക്കുറിച്ചു റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയും ഇടയ്ക്കിടെ മുന്നറിയിപ്പു നൽകിയിരുന്നു. എന്നാൽ അരുൺ ജയ്റ്റ്ലി 15 ദിവസത്തിനുള്ളിൽത്തന്നെ തന്റെ സ്വരം മയപ്പെടുത്തുകയും പാർലമെന്റിൽ ഇങ്ങനെ പ്രസ്താവിക്കുകയും ചെയ്തു. "ബിറ്റ് കോയിനെ സംബന്ധിച്ച നിയന്ത്രണപരവും നിയമപരവുമായ ആഗോളഘടനയെക്കുറിച്ചു പഠിക്കുന്നതിനും ഇന്ത്യയിലും ആഗോള തലത്തിലും ബിറ്റ് കോയിന്റെ സ്ഥിതിസംബന്ധിച്ച വിലയിരുത്തലിനും ബിറ്റ്കോയിൻ നിയന്ത്രണത്തിനുള്ള രൂപരേഖ തയ്യാറാക്കുന്നതിനും മറ്റുമായി സാമ്പത്തിക കാര്യവകുപ്പ് ഒരു വിഷയാന്തര സമിതിയെ നിയോഗിച്ചിരിക്കുന്നു". കമ്മിറ്റി റിപ്പോർട്ടു സമർപ്പിച്ചു, റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലുമാണ് (Zee Bis 02.01.18). ക്രിപ്റ്റോ കറൻസി നമ്മുടെ യുവാക്കളെ നശിപ്പിക്കും എന്നു പ്രധാനമന്ത്രി തന്നെ കഴിഞ്ഞ നവംബറിൽ പറഞ്ഞിട്ടുണ്ട് (BBC 12.12.21). പക്ഷേ മുതലാളിത്ത ആഗോളവൽക്കരണത്തിൽ ഭരണക്കുത്തകകളുടേയും ബഹുരാഷ്ട്ര കമ്പനികളുടേയും ആജ്ഞ ധിക്കരിക്കുവാൻ അവരുടെ രാഷ്ട്രീയ കാര്യകർത്താക്കൾക്കും പിണിയാളുകൾക്കും കഴിയില്ല. എന്നാൽ, ജനാധിപത്യത്തെ തകിടം മറിക്കുന്നതിനുപകരം അതിനെ ശക്തിപ്പെടുത്തുന്നതിനായി ക്രിപ്റ്റോ കറൻസി പോലെയുള്ള ഉയർന്നു വരുന്ന സാങ്കേതികവിദ്യകൾക്ക് ആഗോള മാനദണ്ഡങ്ങൾ രൂപീകരിക്കണമെന്ന് ഒരു മലക്കം മറിച്ചിലിലൂടെ, അതേ ബി.ജെ.പി പ്രധാനമന്ത്രി തന്നെ കഴിഞ്ഞ ഡിസംബർ 17ന് ആഹ്വാനം ചെയ്യുകയുമുണ്ടായി. യു.എസ് പ്രസിഡണ്ട് ജോ ബൈഡൻ ആതിഥ്യം വഹിച്ച ജനാധിപത്യത്തിനു വേണ്ടിയുള്ള ഉച്ചകോടിയെ ഓൺലൈനായി അഭിസംബോധന ചെയ്യവേ പ്രധാനമന്ത്രി മോഡി ഇങ്ങനെ പറഞ്ഞു. "ജനാധിപത്യത്തെ തകിടംമറിക്കുന്നതിനുപകരം അതിനെ ശക്തിപ്പെടുത്തുന്നതിനായി സാമൂഹിക മാധ്യമങ്ങളും ക്രിപ്റ്റോ കറൻസികളും പോലുള്ള ഉയർന്നു വരുന്ന സാങ്കേതിക വിദ്യകൾക്കും നമ്മൾ ആഗോള മാനദണ്ഡങ്ങൾ രൂപീകരിക്കേണ്ടതുണ്ട്" (ഹിന്ദുസ്ഥാൻ ടൈംസ് 19.12.21).

ധനമന്ത്രി ശ്രീമതി നിർമ്മല സീതാരാമൻ ഇങ്ങനെ പറഞ്ഞു "നമ്മൾ ദേശീയതലത്തിൽ ചിന്തിക്കുമ്പോൾത്തന്നെ, നിങ്ങളുടെ ക്രിപ്റ്റോകറൻസിയോ സാങ്കേതിക വിദ്യയാൽ നടത്തപ്പെടുന്ന പണമിടപാടുകളോ ഡാറ്റാ സുരക്ഷിതത്വമോ ആകട്ടെ ആ ഡാറ്റ ധാർമികമായി ഉപയോഗിക്കപ്പെടുമെന്നുറപ്പാക്കുന്നതിനു വേണ്ടി, സാങ്കേതിക വിദ്യയുടെ ചലനത്തെ നിരീക്ഷിക്കുന്നതിനായി ആഗോള തലത്തിലുള്ള സംവിധാനങ്ങൾ ഉണ്ടാകേണ്ടതുണ്ട്" (മേൽ സൂചന). ഇപ്പോൾ ക്രിപ്റ്റോ കറൻസിയെക്കുറിച്ച് പുനഃസംഘടിപ്പിക്കപ്പെട്ട ഒരു ബിൽ, മന്ത്രിസഭയുടെ അംഗീകാരത്തിനുശേഷം പാർലമെന്റിന്റെ ശീതകാല സമ്മേളനത്തിൽ അവതരിപ്പിക്കാനുള്ള ശ്രമങ്ങൾ നടക്കുന്നു. ക്രിപ്റ്റോ കറൻസിക്കെതിരേ കടുത്ത എതിർപ്പുയർത്തിയിരുന്ന ആർ.ബി.ഐ ഇപ്പോൾ "അതിന്റെ ഔദ്യോഗികമായ ഡിജിറ്റൽ കറൻസിയുടെ രൂപികരണത്തിനുള്ള ചട്ടക്കൂട് സൃഷ്ടിക്കണമെന്ന" നിലയിലെത്തിയിരിക്കുന്നു എന്നതു രസകരമാണ്.

ഈയിടെ പ്രധാനമന്ത്രി മോഡിയുടെ ട്വിറ്റർ അക്കൗണ്ട് ഹാക്കു ചെയ്യപ്പെടുകയും ബിറ്റ്കോയിനെ നിയമസാധുതയുള്ള നാണയമായി ഇന്ത്യ അംഗീകരിച്ചുവെന്നും എല്ലാ പൗരന്മാർക്കും അതു വിതരണം ചെയ്യുമെന്നുമുള്ള സന്ദേശം പ്രത്യക്ഷപ്പെടുകയും ചെയ്തത് എല്ലാവർക്കുമറിവുള്ളതാണല്ലോ. എത്ര കനത്ത സുരക്ഷാ ഭിത്തിയേയും മറികടക്കാൻ കഴിയുന്ന രീതിയിൽ ശക്തമാണ് ഹാനികരമായ വിവരസാങ്കേതിക വിദ്യാ സങ്കേതങ്ങളും അതു കൈകാര്യം ചെയ്യുന്നവരും എന്നിതു കാണിക്കുന്നു. ഈ കുറ്റവാളികൾ നമ്മുടെ സാമ്പത്തികരംഗത്ത് ആധിപത്യമുറപ്പിച്ചാൽ എന്താണു സംഭവിക്കുകയെന്ന് ഊഹിക്കാവുന്നതേയുള്ളൂ. കള്ളപ്പണത്തിന്റെ കൂമ്പാരങ്ങൾ ഉണ്ടാകുന്നതിനെപ്പറ്റിയും ക്രമപ്പെടുത്തപ്പെട്ട സാമ്പത്തിക പ്രവർത്തനങ്ങളെ ശിഥിലമാക്കുകയും സാമ്പത്തികാസമത്വം വർദ്ധിപ്പിക്കുകയും ചെയ്യുന്ന ഓഹരിക്കമ്പോളത്തിലെ ചിന്താശൂന്യമായ ഊഹക്കച്ചവടത്തെപ്പറ്റിയും മാത്രമേ ഇത്രകാലം സാധാരണക്കാർക്ക് ഉത്ക്കണ്ഠപ്പെടേണ്ടതുണ്ടായിരുന്നുള്ളൂ. ഇപ്പോൾ ക്രിപ്റ്റോകറൻസി മറ്റൊരു വേവലാതിയായി മാറിയിരിക്കുന്നു. ശരിയാണ്, അത്തരം സങ്കീർണ്ണമായ ക്രിപ്റ്റോകറൻസി ഇടപാടുകൾ സാധാരണക്കാർക്കു മനസ്സിലാക്കാൻ ബുദ്ധിമുട്ടുള്ളതും അവയെ കണ്ടെത്താനുള്ള മാർഗ്ഗങ്ങൾ തന്നെ വിരളവുമാണ്.

യഥാർത്ഥത്തിൽ ഭരണവർഗ്ഗത്തിനും വേണ്ടതതുതന്നെയാണ് - കൊള്ളയ്ക്കായുള്ള തങ്ങളുടെ തന്ത്രങ്ങൾ പ്രാവർത്തിക മാക്കാനുതകുന്ന ജനങ്ങളുടെ അറിവില്ലായ്മ. ബോധമുള്ള ജനവിഭാഗങ്ങളുടെ പ്രത്യേകിച്ച്, മുതലാളിത്ത ഗൂഢാലോചനയെ തുറന്നു കാട്ടി അതിനെ വിപ്ലവത്തിലൂടെ തൂത്തെറിയാനുള്ള ഉത്തരവാദിത്വമേറ്റെടുത്തിരിക്കുന്നവരുടെ ചുമതലയാണ് മുതലാളിത്തത്തിന്റേയും അതിന്റെ സംരക്ഷകരുടേയും കുടില പദ്ധതികളേയും ദുഷ്ടമായ ഉപജാപങ്ങളേയും മറനീക്കിക്കാണിക്കുക എന്നത്. ■

## സഖാവ് കെ.ജെ.ജോയിക്ക് ലാൽസലാം

**എസ്‌**യുസിഐ(കമ്മ്യൂണിസ്റ്റ്) കാഞ്ഞിരപ്പള്ളി ലോക്കൽ കമ്മിറ്റിയംഗവും എഐയുറ്റിയുസി കോട്ടയം ജില്ലാ കമ്മിറ്റിയംഗവുമായിരുന്ന സഖാവ് കെ.ജെ ജോയി (65 വയസ്സ്) അന്തരിച്ചു. കോവിഡ് ബാധിതനായതിനെത്തുടർന്ന് കോട്ടയം മെഡിക്കൽ കോളജിൽ ചികിത്സയിലായിരിക്കവേ ഡിസംബർ 31 നാണ് മൂന്നു പതിറ്റാണ്ടു നീണ്ട പൊതുജീവിതത്തിന് അന്ത്യമായത്.



ഇടുക്കി ജില്ലയിലെ പുളിയൻമലയിൽ താമസിക്കവേയാണ് സഖാവ് ജോയി എസ്‌യു സി ഐ (കമ്മ്യൂണിസ്റ്റ്) പാർട്ടിയുമായി ബന്ധപ്പെടുന്നത്. സ്വദേശമായ കാഞ്ഞിരപ്പള്ളി പഞ്ചായത്തിലെ കുവപ്പള്ളിയിൽ റോഡ് പുറമ്പോക്കിൽ താമസിച്ചിരുന്ന കാലത്ത് മുന്നറിയിപ്പില്ലാതെ കുടിയിറക്കപ്പെട്ടു. പ്രായമായ അമ്മയും ഭാര്യയും മകളുമടങ്ങുന്ന കുടുംബവുമായി ഒന്നര വർഷം വെയ്റ്റിംഗ് ഷെഡിൽ താമസിച്ചു കൊണ്ട് സഖാവ് നടത്തിയ പോരാട്ടം സമാനതകളില്ലാത്തതായിരുന്നു. ജോലിക്കിടയിൽ ഉണ്ടായ അപകടത്തെത്തുടർന്ന് വലതുകാൽ പത്തിക്കു മുകളിൽ വച്ച് മുറിച്ചു മാറ്റേണ്ടി വന്നു. തുടർന്നുണ്ടായ സാരമായ ആരോഗ്യ പ്രശ്നങ്ങൾ ഒന്നും തന്നെ അദ്ദേഹത്തെ കർമ്മ വിമുഖനാക്കാൻ മതിയാകുമായിരുന്നില്ല. കൂട്ടിക്കൽ പ്രദേശത്തെ പ്രളയ ദുരിതബാധിതർക്കുവേണ്ടി എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) കാഞ്ഞിരപ്പള്ളി ലോക്കൽ കമ്മിറ്റിയുടെ മുൻകൈയിൽനടന്ന പ്രവർത്തനങ്ങളുടെയും സജീവസംഘാടകനായിരുന്നു അദ്ദേഹം. സഖാവ് കെ. ജെ. ജോയിക്ക് ലാൽ സലാം. ■

# കെ.റയിൽ സിൽവർലൈൻ വിരുദ്ധ ജനകീയ സമിതിയുടെ നേതൃത്വത്തിൽ സംസ്ഥാനത്ത് സമരം ശക്തമാകുന്നു

(3-ാം പേജിൽ നിന്ന്)

### ഔദ്യോഗിക നടപടിക്രമങ്ങളെ കാറ്റിൽപ്പറത്തി ഗൂഢമായി തയ്യാറാക്കപ്പെട്ട പദ്ധതി

എല്ലാ ജനാധിപത്യ സ്ഥാപനങ്ങളെയും മറികടക്കുകയോ ഇരുട്ടിൽനിർത്തുകയോ ചെയ്തുകൊണ്ടാണ് പദ്ധതിയുമായി സർക്കാർ മുന്നോട്ടുപോകുന്നത്. കമ്പനി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള കേന്ദ്ര കേരള സർക്കാരുകളുടെ സംയുക്ത സംരംഭമാണ് കേരള റയിൽ ഡവലപ്പ്മെന്റ് കോർപ്പറേഷൻ അഥവാ കെ റയിൽ. കെ റയിലിന്റെ പല പ്രോജക്ടുകളിൽ ഒന്നാണത്രേ സെമി ഹൈസ്പീഡ് റയിൽ കോറിഡോർ അഥവാ സിൽവർലൈൻ. പദ്ധതി നിയമസഭയ്ക്കും തെരഞ്ഞെടുക്കപ്പെട്ട മറ്റ് ജനപ്രതിനിധികൾക്കും അജ്ഞാതമാണ്. കേരളത്തിലെ യാത്രാക്ലേശങ്ങൾക്കുള്ള പരിഹാരമെന്ന നിലയിൽ നടന്ന ചർച്ചകളുടെ ഫലമായി രൂപംകൊണ്ട പദ്ധതിയുമല്ല, ധനകാര്യവകുപ്പിനോ പൊതുമരാമത്ത് വകുപ്പിനോ വിശേഷിച്ച് ഒന്നും ചെയ്യാനില്ല. മന്ത്രിസഭയിലോ മുന്നണിയിലോ പോലും ചർച്ചചെയ്തിട്ടില്ല. അങ്ങനെ മുഖ്യമന്ത്രിക്കും സിൽബന്ധികൾക്കും മാത്രം അറിയുന്ന ആരോ എങ്ങോ ഇരുന്ന് നിർബന്ധപൂർവ്വം കേരളത്തിലെ ജനങ്ങൾക്കമേൽ അടിച്ചേൽപ്പിക്കുന്ന പദ്ധതിയാണ് കെറയിൽ എന്ന് വളരെ വ്യക്തമായിരിക്കുന്ന സാഹചര്യത്തിൽ ജനങ്ങളോട് മാപ്പു പറഞ്ഞ് പദ്ധതി നിരുപാധികം ഉപേക്ഷിക്കുകയാണ് സർക്കാർ ചെയ്യേണ്ടത്.



മേധ പട്കർ കോഴിക്കോട് കാട്ടിലപ്പീടികയിലെ സമരപന്തൽ സന്ദർശിക്കുന്നു, 2022 ജനുവരി 10

### കെ റെയിൽ പദ്ധതിക്കെതിരെ പ്രതിഷേധം ഇരമ്പിയ സെക്രട്ടേറിയറ്റ് മാർച്ച്

വിനാശകരമായ കെ.റയിൽ സിൽവർ ലൈൻ പദ്ധതി പിൻവലിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടി സംസ്ഥാന കമ്മിറ്റിയുടെ നേതൃത്വത്തിൽ ജനുവരി 22ന് സെക്രട്ടേറിയറ്റിലേക്ക് ബഹുജന മാർച്ച് സംഘടിപ്പിച്ചു. യൂണിവേഴ്സിറ്റിയുടെ മുന്നിൽ നിന്ന് ആരംഭിച്ച ആവേശകരമായ പ്രകടനത്തിൽ പദ്ധതിയുടെ ഇരകൾ ഉൾപ്പടെ നൂറുകണക്കിന് ആളുകൾ പങ്കെടുത്തു. പ്രകടനം, സെക്രട്ടേറിയറ്റിനുമ്പിൽ എത്തിച്ചേർന്നതിനശേഷം അവിടെ നടന്ന പ്രതിഷേധ ധർണ കെ റയിൽ സിൽവർ ലൈൻ വിരുദ്ധ ജനകീയ സമിതി സംസ്ഥാന ചെയർമാൻ എം.പി.ബാബുരാജ് ഉദ്ഘാടനം ചെയ്തു.




എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) കോഴിക്കോട് ജില്ലാ കമ്മിറ്റി സംഘടിപ്പിച്ച കളക്ട്രേറ്റ് മാർച്ച്

പരിസ്ഥിതിയെയും പ്രകൃതിയെയും തകർക്കുന്ന മുതലാളിത്ത ലാഭ തൃഷ്ണയെ അതിരൂക്ഷമായി വിമർശിച്ചിട്ടുള്ള മാർക്സിസ്റ്റ് ദർശനത്തിന്റെ പേരിലാണ് സിപിഐ(എം) പ്രവർത്തിക്കുന്നതെങ്കിൽ ഇപ്പോൾ സ്വീകരിച്ചിട്ടുള്ള നിലപാട് തിരുത്തുക തന്നെ വേണമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. സംസ്ഥാനത്ത് കെ റെയിൽ വിരുദ്ധ പ്രക്ഷോഭം പടുത്തുയർത്താൻ സ്വന്തം ശേഷിയും വിഭവങ്ങളും പൂർണ്ണമായും സമർപ്പിച്ചിട്ടുള്ള എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിയെ അദ്ദേഹം അഭിനന്ദിക്കുകയും ചെയ്തു.

എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) കേന്ദ്ര കമ്മിറ്റിയംഗം ജയ്സൺ ജോസഫ് മുഖ്യ പ്രഭാഷണം നടത്തി. കെ. റയിൽ സിൽവർ ലൈൻ വിരുദ്ധ ജനകീയ സമിതിയുടെ സംസ്ഥാന ജനറൽ കൺവീനറും എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടേറിയറ്റ് അംഗവുമായ എസ്.രാജീവൻ, കെ. റയിൽ സിൽവർ ലൈൻ വിരുദ്ധ ജനകീയ സമിതി സംസ്ഥാന രക്ഷാധികാരി ശൈവ പ്രസാദ്, കെ റയിൽ സിൽവർ ലൈൻ വിരുദ്ധ ജനകീയ സമിതി തിരുവനന്തപുരം ജില്ലാ പ്രസിഡന്റ് കരവാരം രാമചന്ദ്രൻ, എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം ആർ.കുമാർ, സംസ്ഥാന കമ്മിറ്റിയംഗങ്ങൾ ഷൈല കെ.ജോൺ, മിനി കെ.ഫിലിപ്പ് തുടങ്ങിയവർ പ്രസംഗിച്ചു. മാർച്ചിന് എം.പി.ബാബുരാജ്, പാർട്ടി സംസ്ഥാനക്കമ്മിറ്റിയംഗങ്ങൾ സഖാക്കൾ പി.എസ്.ബാബു, എ.ശേഖർ, വി.കെ.സദാനന്ദൻ, അബ്ദുൾ അസീസ്, കെ.കെ.സുരേന്ദ്രൻ തുടങ്ങിയവർ നേതൃത്വം നൽകി. ■




പാസഞ്ചർ ട്രെയിനുകൾ ഉൾപ്പെടെ നിർത്തലാക്കിയ എല്ലാ ട്രെയിനുകളും പുനഃസ്ഥാപിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് എഐഡിവൈഒ തിരുവനന്തപുരത്ത് സെൻട്രൽ റയിൽവേസ്റ്റേഷനുമുന്നിൽ നടത്തിയ ധർണ

# എഐഡിഎസ്ഒ സംഘടിപ്പിച്ച പത്താമത് സംസ്ഥാന വിദ്യാർത്ഥി സമ്മേളനം

ജനുവരി 21, 22, 23 തീയതികളിൽ കോട്ടയത്തുവച്ചാണ് എഐഡിഎസ്ഒ സംഘടിപ്പിച്ച പത്താമത് സംസ്ഥാന വിദ്യാർത്ഥി സമ്മേളനം നടന്നത്. ഓൺലൈനായി സംഘടിപ്പിക്കപ്പെട്ട പൊതുസമ്മേളനം പ്രശസ്ത കവി കരീപ്പുഴ ശ്രീകുമാർ ഉദ്ഘാടനം ചെയ്തു. സാമൂഹ്യനിരീക്ഷകൻ സണ്ണി എം. കപിക്കാട്, എഐഡിഎസ്ഒ അഖിലേന്ത്യാ പ്രസിഡന്റ് വി.എൻ. രാജശേഖർ, എഐഡിഎസ്ഒ അഖിലേന്ത്യാ സെക്രട്ടറി സൗരവ് ഘോഷ്, എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) കേന്ദ്രകമ്മിറ്റി അംഗം ജയ്സൺ ജോസഫ്, എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) കോട്ടയം ജില്ലാ സെക്രട്ടറി മിനി.കെ.ഫിലിപ്പ് എന്നിവർ പ്രസംഗിച്ചു.




സംസ്ഥാന വിദ്യാർത്ഥി സമ്മേളനം എഐഡിഎസ്ഒ അഖിലേന്ത്യാ വൈസ് പ്രസിഡൻറ് എം.ജെ.വോൾട്ടയർ ഉദ്ഘാടനം ചെയ്യുന്നു

എൻഎസ്എസ് കരയോഗം ഹാളിൽ നടന്ന പ്രതിനിധി സമ്മേളനം എഐഡിഎസ്ഒ അഖിലേന്ത്യ വൈസ് പ്രസിഡന്റ് എം.ജെ വോൾട്ടയർ ഉദ്ഘാടനം ചെയ്തു. എഐഡിഎസ്ഒ സംസ്ഥാന പ്രസിഡന്റ് ബിനു ബേബി അധ്യക്ഷത വഹിച്ച യോഗത്തിൽ സംസ്ഥാന സെക്രട്ടറി ആർ.അപർണ, എഐഡിഎസ്ഒ അഖിലേന്ത്യ കമ്മിറ്റി അംഗം പി.കെ.പ്രഭാഷ്, സംസ്ഥാന വൈസ് പ്രസിഡന്റ് എ.ഷൈജു എന്നിവർ പ്രസംഗിച്ചു.

സംസ്ഥാന പ്രസിഡന്റായി ഡോ.എസ്. അലീന, സംസ്ഥാന സെക്രട്ടറിയായി അഡ്വ. അപർണ ആർ, വൈസ് പ്രസിഡന്റുമാരായി നിഖിൽ സജി തോമസ്, അകിൽ മുരളി, കെ.റഹീം, നിത്യമോൾ കെ.എം എന്നിവരെയും ജോയിന്റ് സെക്രട്ടറിമാരായി ജതിൻ രാജീവൻ, ശാലിനി ജി.എസ്, ഗോവിന്ദ് ശശി, സുകന്യകുമാർ എന്നിവരെയും ട്രഷററായി ആർ.മീനാക്ഷി, ഓഫീസ് സെക്രട്ടറിയായി നിലീന മോഹൻകുമാർ എന്നിവരെയും തെരഞ്ഞെടുത്തു. 35 അംഗ എക്സിക്യൂട്ടീവ് കമ്മിറ്റിയെയും 84 അംഗ സംസ്ഥാന കൗൺസിലിനെയും സമ്മേളനം തെരഞ്ഞെടുത്തു.

കഴിഞ്ഞ അഞ്ച് വർഷമായി കേരളത്തിൽ നടന്ന വിദ്യാർത്ഥി സമരങ്ങളുടെയും മറ്റ് സാമൂഹ്യ വിഷയങ്ങളിൽ നടന്ന സമരങ്ങളുടെയും നേതാക്കൾ പങ്കെടുത്ത സമരസംഗമം ഓൺലൈനായി നടന്നു. എഐഡിഎസ്ഒ സംസ്ഥാന കമ്മിറ്റി അംഗം എമിൽ ബിജു അദ്ധ്യക്ഷത വഹിച്ച സമരസംഗമം തിരുവനന്തപുരം ഷാഹിൻ ബാഗ് സമരത്തിലെ നേതാവ് മേധാ സുരേന്ദ്രനാഥ് ഉദ്ഘാടനം ചെയ്തു. യൂണിവേഴ്സിറ്റി കോളേജിൽ എസ്എഫ്ഐ നടത്തുന്ന ജനാധിപത്യ ധ്വംസനങ്ങളെ പൊതുസമൂഹത്തിന് മുന്നിൽ തുറന്ന് കാട്ടിയ വിദ്യാർത്ഥിനി നിഖില സജിത്ത് മുഖ്യാതിഥിയായി പങ്കെടുത്തു. കെ റെയിൽ വിരുദ്ധ സമര നേതാവ് ആർ.രാഹുൽ, എം. ജി യൂണിവേഴ്സിറ്റിയിൽ നടന്ന IIRBS വിദ്യാർഥികളുടെ സമരത്തിന്റെ പ്രതിനിധി നാസിഫ്, ബി.ടെക് സ്റ്റുഡന്റ്സ് മൂവ്മെന്റിന്റെ പ്രതിനിധി ദേവ്, പ്ലസ് വൺ സ്റ്റുഡന്റ്സ് കളക്ടീവ് നേതാവ് ബിയാ ചെറിയാൻ, തോട്ടപ്പള്ളി കരിമണൽ ഖനന വിരുദ്ധ സമരത്തിന്റെ വിദ്യാർത്ഥി പ്രതിനിധി റോസാ




ഡോ.അലീന എസ്.(പ്രസിഡന്റ്)   അഡ്വ.അപർണ ആർ. (സെക്രട്ടറി)

അജയകുമാർ, ലക്ഷദ്വീപ് സ്റ്റുഡന്റ്സ് കളക്ടീവ് നേതാവ് നിക്സിൻ സജി എബ്രഹാം, എം. ജി യൂണിവേഴ്സിറ്റി പാരലൽ മൂവ്മെന്റിന്റെ നേതാവ് ഫസൽ എന്നിവർ സംസാരിച്ചു.

"ദേശീയ വിദ്യാഭ്യാസ നയം; പ്രത്യാഘാതം" എന്ന വിഷയത്തിൽ സംഘടിപ്പിച്ച ഓൺലൈൻ സെമിനാറിൽ ആൾ ഇന്ത്യാ സേവ് എഡ്യൂക്കേഷൻ കമ്മിറ്റി അഖിലേന്ത്യാ വൈസ് പ്രസിഡന്റ് എം.ഷാജർഖാൻ മുഖ്യപ്രഭാഷണം നടത്തി. ജനുവരി 23ന് നടന്ന സമാപന സമ്മേളനം എസ്‌യുസി(കമ്മ്യൂണിസ്റ്റ്) കേന്ദ്ര കമ്മിറ്റി അംഗം ജയ്സൺ ജോസഫ് ഉദ്ഘാടനം ചെയ്തു. ■

Volume: 48 No: 9 | Printed and published by V.Venugopal on behalf of State Organising Committee, Socialist Unity Centre of India (Communist) and printed at Cochin Print Tech Pvt. Ltd., Udyogamandal, Eloor, Cochin-683501, and published at Trivandrum, TC 12/1242, Law College Jn, Kunnukuzhi, Vanchiyoor P.O, Thiruvananthapuram Dist, Kerala, Pin: 695035, Phone: 0471-3557684. Editor: V. Venugopal.